# വീരശൃംഖല

വള്ളത്തോൾ

# വീരശൃംഖല

★

വള്ളത്തോൾ

Digitized By Kerala Sahitya Akademi

അഞ്ചാംപതിപ്പ്
കോപ്പി 1000.

വില ഒരുറുപ്പിക.

പകർപ്പവകാശം സി. കമലയ്ക്ക്

പ്രസാധകന്മാർ

**വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.**

1956 ജൂൺ

അച്ചടി:
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

വീരശൃംഖല.

ആ കപ്പൽയാത്ര.

ഓണസ്സദ്യ.

അഹിംസ.

പകൽ.

"പാടുക, പാടുക."

മിന്നുന്നതൊക്കെപ്പൊന്നല്ല.

ബുഭുക്ഷ.

ശാപമോക്ഷം.

ഏകകുടുംബം ഭുവനം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വീരശൃംഖല

(കേക)

1. “ഹാ തോഴീ, വരു വരൂ,
മടിയിലെന്താണെ”ന്നാൾ
സൗധോപാഗതയോടു
സാദരമാരോമലാൾ.
“മടിയിലെന്താണെന്നും
മനസ്സിലെന്താണെന്നും
മടിയാതുരയ്ക്കുമോ
മർത്ത്യരാരാനും മുഗ്ദ്ധേ?
അഴിഞ്ഞു തൂങ്ങിക്കിട-
ക്കുകയാണല്ലോ നിൻപൂം-
കുഴലിതനാഥതം
പെട്ടപോലവശമായ്;

---

1110. കുംഭത്തിൽ എഴുതിയത്:

1. ഒരു നവോഢയുടെ ഗൃഹത്തിൽ അവളുടെ നിത്യസഖി ചെല്ലുന്നു. സൗധോപാഗത=സൗധത്തിൽ (മാളികയിൽ) വന്നവൾ. മടിയിലെ.................മുഗ്ദ്ധേ—മടിയിലുള്ളതും മനസ്സിലുള്ളതും പറയാറില്ല എന്നൊരു ചൊല്ലുണ്ട്. അനാഥതം പെട്ടപോല വശമായ്—ഇതൊക്കെ കാണാൻ നാഥനായിട്ടൊരാളില്ലെന്നു തോന്നിപ്പോകും! മുല്പാട്—മടിയിലുള്ളതെന്തെന്നും മററും പറയുന്നതിനു മുമ്പേ. പട്ടുനൂലിഴച്ചാർത്ത്—തലമുടിയുടെ മനോഹാരിതയും മാർദ്ദവവും വ്യഞ്ജിയ്ക്കുന്നു. ശില്പകോവിദങ്ങൾ=തൊഴിലിൽ നൈപു

Digitized By Kerala Sahitya Akademi

ഇതൊന്നു ചീകിക്കെട്ടി–
    യ്ക്കട്ടെ മുല്ലാടി ഞാനെ"–
ന്നതിഥി നിലക്കൊണ്ടാ–
    ളാതിഥേയിതൻ പിന്നിൽ.
ഉൾപ്പുക ചരിച്ചിതു,–
    പ്പട്ടുനൂലിഴച്ചാർത്തിൽ–
ശ്ശില്പകോവിദങ്ങളാം
    സഖിതൻ വിരലുകൾ.
കററവാർകുഴൽ പിന്നിൽ–
    ക്കെട്ടിവെച്ചു,തിൻമീതേ
ചുററിച്ചാളവളൊരു
    ചംപകപ്പൂമാല്യത്തെ.
(മടിയിലിരുന്നതി
    മഞ്ഞമാലികയത്രേ;
മനസ്സിലിരുന്നതോ
    പൊന്നൊളിസ്സൌഹാർദ്ദവും.)
പെട്ടെന്നു പരന്നിത–
    ങ്ങുരുസൌരഭ്യം; വല്ല
മട്ടിലുമതു മുക–
    ന്നൊന്നു വിപ്പിടാൻവേണ്ടി

---

ണ്യമുള്ളവ. സഖിയുടെ മടിയിൽ ഈ സ്വർണ്ണവർണ്ണമായ പൂമാലയായിരുന്നു: മനസ്സിൽ സ്വർണ്ണോജ്ജ്വലമായ സ്നേഹവും. രണ്ടും അവ ഇവിടെ ഉപയോഗിച്ചു. വല്ലമട്ടിലു....വേണ്ടി—ആ സൌരഭ്യം അത്രമേൽ മനം കുളിപ്പിയ്ക്കുന്നതാണ്; അന്തിത്തെന്നലിന്ന് അതൊന്നനുഭവിയ്ക്കാൻ കഴിയാതിരുന്നാൽ എന്തു കഷ്ടവും നഷ്ടവുമാ

Digitized By Kerala Sahitya Akademi

പട്ടാടമറയണി-
    പ്പൊൻജനാൽകളിലൂടെ-
യൊട്ടൊട്ടു തലയിട്ടാ-
    നകത്തെയ്ക്കന്തിത്തെന്നാൽ.

2. എന്നിട്ടു ചോദിച്ചാളി,-
    "യെന്റെ സൈരന്ധ്രീകൃത്യം
നന്നായോ? കനിഞ്ഞൊന്നു
    നോക്കുക കണ്ണാടിയിൽ;
എന്നാലെന്നനുജത്തി
    തീച്ചയായ്ക്കാണുമതി-
ലുന്നിദ്രചാംപേയാവ-
    തംസയാം ചൈത്രശ്രീയെ!
അല്ലെങ്കിലിസ്സൌന്ദര്യം
    നകരാനാർതൻ കണ്ണോ

---

യിരിയ്ക്കും! ഒട്ടൊട്ട്—ജന്നൽമറകാം തന്റെ പ്രവേശത്തെ തടയാൻ നോക്കിയിട്ടും, ക്ഷമകെട്ടു തിക്കിത്തിരക്കി കടക്കാൻതന്നെ നോക്കി എന്നു ധ്വനി!

2. ഇന്ന്—ഇവരം പ്രായേണ നാരംതോറും വന്നു നവോഢയെ ചമയിയ്ക്കാറുണ്ട്. സൈരന്ധ്രീകൃത്യം—തലമുടി ചീകിമിനുക്കി കെട്ടിയ്ക്കലും, ചമയിയ്ക്കലും മററുമാണല്ലോ സൈരന്ധ്രിയുടെ ജോലി. കനിഞ്ഞ്—ഗൃഹനായികയ്ക്കിതിന്നു ദയയുണ്ടായില്ലെങ്കിൽ തന്റെ ശില്പവൈദഗ്ധ്യം കൊണ്ടാടപ്പെടാതെപോകുമല്ലോ. ഉന്നിദ്രചാമ്പേയാവതംസ=വികസിച്ച ചമ്പകപ്പൂക്കരം ചൂടിയ. ചൈത്രശ്രീ=വസന്തലക്ഷ്മി; ആതിഥേയിയുടെ അംഗകാന്തി വ്യഞ്ജിയ്ക്കു

Digitized By Kerala Sahitya Akademi

നല്ല നൈപുണിയുള്ളോ,–
നധന്യതിനാ വന്നു–
വാനമാം കച്ചേരിയി–
ലന്നത്തെത്തൊഴിൽ തീൻ
ഭാനുമാനതാ, സന്ധ്യാ–
ദേവിയെസ്സമീപിച്ചു."
ഉല്ലളൽസ്മിതഗർ–
മാകിയ കവിളത്ത–
കല്യാണീമണിയുടെ
കൈവിരൽത്തളിർകളാൽ
സല്ലീലമായുള്ളോരു
തിരുമ്മലത്രേ, തദാ
കല്യയാം സൈരന്ധ്രിയ്ക്കു
കൈവന്ന പണിക്കുലി!

---

ന്നു. തീച്ച്യയായ്ക്കാണും—അതിഥിയ്ക്കു യാതൊരു സംശയവുമില്ല, തന്റെ സഖി വസന്തലക്ഷ്മിയായി കണ്ണാടിയിൽ കാണപ്പെട്ടു. അധന്യനിതാ വന്നു—ഗൃഹനായകൻ(ആതിഥേയിയുടെ ഭർത്താവ്) എത്തിച്ചേർന്നു. വാനമാം....തീൻ—ഭർത്താവ് ഒരുദ്യോഗസ്ഥനാണെന്നു വ്യംഗ്യം. ഭാനുമാനതാ......സമീപിച്ചു—നായികാനായകന്മാരുടെ ശരീരസൌന്ദര്യവും യോജിപ്പും മററും ധ്വനിയ്ക്കുന്നു. ഉല്ലളൽസ്മിതഗർഭം=പുറപ്പെട്ട പുഞ്ചിരി ഉൾച്ചേർന്നത്. കല്യ=വിദഗ്ധ. നവോഢയുടെ ലജ്ജാവൈവശ്യവും പ്രിയങ്കലുള്ള പ്രണയവിഭ്രമവും വ്യഞ്ജിയ്ക്കുന്നു. സ്ത്രീകളുടെ പ്രഥമമായ പ്രണയവചനം വിഭ്രമമാണല്ലോ.

Digitized By Kerala Sahitya Akademi

3. സ്നേഹിത നിഷ്ക്രാന്തയായ്,
കണവൻ പ്രവേശിച്ചു;
ഗേഹിനി പൂമച്ചിലേ-
യ്ക്കോടിനാൾ മിന്നല്ക്കൊപ്പം.
ആളിതൻ ചാതുരിയപ്പൂ
ചൂഴന്ന കൂന്തൽക്കെട്ടും,
വ്രീളതൻ പനിനീർപ്പൂ
പതിഞ്ഞ കവിളുമായ്
കേളിലോലുപനാകും
കാന്തന്റെ ചാരേ നില്പാ-
നാളാകമെമ്മട്ടാത്ത
ധൈര്യമീ നവോഢയാൾ?
എന്നാലക്കതിച്ചോട്ടം
പാഴിലായ്, സാരിത്തുമ്പു
തന്നാഥനുടെ നീണ്ട-
കൈക്കുള്ളിൽപ്പെട്ടുകയാൽ.

---

3. നിഷ്ക്രാന്തയായ്=പുറത്തേയ്ക്കു പോയി; കവിളത്തു കിട്ടിയ തിരുമ്മലാകുന്ന സമ്മാനവുംകൊണ്ടു സഖി പോയ്ക്കഴിഞ്ഞു. ഗേഹിനി.......മിന്നൽക്കൊപ്പം—അവളുടെ ലജ്ജ അവളെ അവിടെ നില്ക്കാനനുവദിച്ചില്ല. ആളിതൻ..........കൂന്തല്ക്കെട്ടും—സഖിയുടെ സൈരന്ധ്രീകൃത്യനൈപുണ്യം കൊണ്ടാടപ്പെട്ടുമെന്നിരുന്നാലും, അതും കൊണ്ട് ഭർത്താവിന്റെ മുമ്പിൽച്ചെന്നു നില്ക്കേണ്ടേ? വ്രീളതൻ പനിനീർപ്പൂ പതിഞ്ഞ കവിൾ —കവിൾത്തുടുപ്പിനെ പനിനീർപ്പൂവാക്കികല്പിച്ചിരിക്കുന്നു കേളിലോലുപൻ—ആ നേരം

Digitized By Kerala Sahitya Akademi

“നില്ക്കുകോമളനേ, നില്ക്കു-
ക, ന്യോന്യമകലുക
ദുഷ്ടാ,മാത്മാവാത്മാ-
വോടുടക്കിയ നമ്മാൽ.
മണ്ടുന്നതെന്തിനേവം?
ചംപകപ്പൂവിൻ ഗന്ധം-
കൊണ്ടു വല്ലായ്മക്കൊൾവാൻ
വണ്ടാണോ തവ കാന്തൻ?
ആരുടെ സമ്മാനമി-
ദ്ധമ്മില്ലാഭരണം തേ?”
ചാരുപുഞ്ചിരി പൊഴിച്ച-
ഭിനന്ദിച്ചാൻ കാന്തൻ:—
“കാറിനെക്കാല്ക്കീഴിട്ട
കാന്തിവായ്പിനു തുപ്പൊൻ-

---

പോക്കുകാരനുണ്ടോ, ഇതെല്ലാം കണ്ടാൽ ഒന്നു കളിയാക്കാതെ വിടുവാ! ആത്തധൈയ്യം=ധൈയ്യത്തോടുകൂടി. നാഥൻ=ഭത്താവു്. അന്യോന്യമകലുക........നമ്മാൽ—കേവലം ശാരീരികമായി മാത്രമേ ബന്ധിച്ചിട്ടുള്ളവെങ്കിൽ, അതെളുപ്പത്തിൽ വിടുത്താൻ കഴിഞ്ഞേനേ; പക്ഷേ, ആത്മാക്കൾ തമ്മിൽ പരസ്പരം ബന്ധിച്ചിട്ടുള്ളതു വിടുത്തുന്നതു് എളുപ്പമല്ലല്ലോ. വണ്ടാണോ തവ കാന്തൻ—വണ്ടിനു ചമ്പകപ്പൂഗന്ധം അസഹ്യമത്രേ. ധമ്മില്ലം=കെട്ടിവെച്ച തലമുടി. കാറിനെക്കാല്ക്കീഴിട്ട.......അഹ്തന്നെ—കാറിനെ തോല്പിച്ച ഈ കാന്തിവായ്പിനു(തലമുടിയ്ക്കു്)വീരശൃംഖലയാകുന്ന വിരുതു വാങ്ങാൻ പൂണ്ണമായ അഹ്തയുണ്ടു്. ചമ്പകപ്പൂച്ചുററിനെ പൊന്നിൻവീരശൃംഖലയായി കല്പിച്ചിരിക്കുന്നു. ജയലക്ഷ്മി—നായിക.

Digitized By Kerala Sahitya Akademi

വീരശൃംഖല വാങ്ങാൻ
 തികച്ചുമർഹംതന്നെ;
ഹേ രമ്യേ ജയലക്ഷ്മി,
 നിൻസമാശ്ലേഷാൽ ഞാനും
വീരശൃംഖല നേടി-
 ടാവു ജീവിതപ്പോരിൽ!"

യുടെ പേരും ഇതാകാം. അവളുടെ ആലിംഗനം ഒന്നുമാത്രംമതി, ജീവിതപ്പോരിൽ തനിക്കു് വീരശൃംഖലനേടാൻ=വിജയം ലഭിപ്പാൻ: സ്നേഹമയിയായ പ്രിയതമയുടെ പ്രേമമൊന്നു മതിയല്ലോ, പ്രാരബ്ധജടിലമായ ഈ പ്രപഞ്ചത്തിൽ മനുഷ്യനെ ആശ്വസിപ്പിക്കാൻ. അതു തനിക്കു കൈവരട്ടെ എന്നാശംസ. ,അവരന്യോന്യം ആലിംഗനം ചെയ്തു—അവളുടെ ആ കനകപ്രഭമായ കൈവലയം അയാൾക്കൊരു വീരശൃംഖലയായിച്ചമഞ്ഞു!)

Digitized By Kerala Sahitya Akademi

# ആ കപ്പൽയാത്ര

(കാകളി)

## I

1. ബന്തർ വിട്ടെൻകപ്പലേ, തോ പെരിയൊരു
ജന്തുപോലൊട്ടൊട്ടിഴകയായാഴിയിൽ;
എന്നാദിമക്കപ്പൽ യാത്രയെക്കൊണ്ടാടി
വെണ്ണുരക്കൈലേസ്സു വീശി സിന്ധൂർമ്മികൾ.
നോട്ടമെങ്കൽത്താനുറപ്പിച്ചുകൊണ്ടു പി-
മ്പോട്ടു നടന്നു മറഞ്ഞൂ കരപ്പുറം.

---

1110 മീനത്തിൽ എഴുതിയത്.

കവിയുടെ മലയേഷ്യായാത്രയെപ്പററി:—

1. ബന്തർ=തുറമുഖം. ഇഴകയായ് —തുറമുഖം വിട്ടപ്പോഴുള്ള മന്ദഗതിയെ സൂചിപ്പിക്കുന്നു. എന്നാദിമ....സിന്ധൂർമ്മികൾ—വിദൂരസഞ്ചാരത്തിനുപോകുന്ന ആളുകളെ സുഹൃത്തുക്കൾ കൈലേസ്സു വീശി യാത്രയാക്കുന്ന പരിഷ്കൃതരീതിയെ അനുസ്മരിക്കുക. സിന്ധൂർമ്മികൾ=സമുദ്രത്തിരകൾ. കപ്പലിലിരുന്നു പുറത്തേക്കു നോക്കിയപ്പോൾ, ഇളകിമറിയുന്ന സമുദ്രത്തിലെ തിരമാലകൾ വെണ്ണുരകളാകുന്ന കൈലേസ്സുവീശി തൻെറ ഒന്നാമത്തെ കപ്പൽയാത്രയെ കൊണ്ടാടുന്നതുപോലെ തോന്നി. നോട്ട.......കരപ്പുറം—വാഹനങ്ങളിലിരുന്നു യാത്രചെയ്യുന്നവർക്കു വാഹനം നീങ്ങുമ്പോൾ, അവയുടെ വേഗംമൂലം ചുററുപാടുകൾ നീങ്ങിനീങ്ങി അകന്നുപോകുന്നതായിട്ടാണല്ലോ തോന്നുക. ആ തോന്നലിനെയാണ്, "നോട്ടമെങ്കൽ.... ആ കരപ്പുറം" എന്നു ഹൃദ്യമായി പറഞ്ഞിരിക്കുന്നത്. മനമല്ലാമ

Digitized By Kerala Sahitya Akademi

പ്രാച്യസമുദ്രമേ, പശ്ചിമാംഭോധിതൻ
പാർശ്വസ്ഥനാമിബ്ബധിരൻെറ നേർക്ക നീ,
ആ നിൻ സുഹൃത്തിനു സൌഖ്യമോ എന്നല്ലി-
യാംഗ്യങ്ങൾ കാട്ടുന്നു വീചിഹസ്തങ്ങളാൽ!
ഭൂംഭൂംരവത്തെ മുഴക്കട്ടെ പായുന്നാ
വമ്പുകക്കപ്പലിൻ യന്ത്രസാമഗ്രികൾ;
അംഭോധിവീചികളട്ടഹസിയ്ക്കട്ടെ;
മുമ്പടി നിശ്ശബ്ദമെൻ ജഗത്തിപ്പൊഴും!
ദ്യോവിനേകുന്നു കരിഞ്ചുരുൾക്കുന്തളം,
പീവരോത്തുംഗമാം ധൂമക്കുഴലിനാൽ;

---

നസ്സോടെ യാത്രയയയ്ക്കപ്പെട്ട സ്നേഹിതൻെറ മേൽനിന്നു കണ്ണെടുക്കാൻ തോന്നിയില്ല ആ കരപ്പുറത്തിന്ന്. ഇങ്ങിനത്തെ സമയത്താണല്ലോ പിമ്പോട്ടു നടക്കുക. പ്രാച്യസമുദ്രം=കിഴക്കെ സമുദ്രം(ബങ്കാളുൾക്കടൽ). പശ്ചിമാംഭോധി=പടിഞ്ഞാറെസ്സമുദ്രം (അറബിക്കടൽ) പാർശ്വസ്ഥൻ=സമീപത്തു താമസിയ്ക്കുന്നവൻ—കവിയുടെ വാസം അറബിക്കടലിന്നടുത്താണ്. ആ നിൻസുഹൃത്ത്=പശ്ചിമാംഭോധി. വീചിഹസ്തം=തിരയാകുന്ന കയ്യ്. ബധിരനായ തന്നോടു സംസാരിച്ചിട്ട് പ്രയോജനമില്ലെന്നു കരുതി, തൻെറ സുഹൃത്തായ അറബിക്കടലിന്നു സുഖമല്ലേ എന്നു തിരക്കൈകൊണ്ടുള്ള ആംഗ്യങ്ങളാൽ ചോദിയ്ക്കുന്നതായി തോന്നുന്നു. ഭൂംഭൂം........ജഗത്തിപ്പൊഴും—ഈ ലഹളയൊക്കെയുണ്ടായിട്ടും, ചെവികേൾക്കായ്കയാൽ താൻ നിശ്ശബ്ദതയുടെ ഒരു ലോകത്തിലാണ് ജീവിച്ചിരുന്നത്. പീവരോത്തുംഗം=തടിയും ഉയരവുമുള്ളത്. ദ്യോവിനേകുന്നു........കുഴലിനാൽ—പുകക്കുഴലിൽനിന്നു പുറപ്പെട്ട് അന്തരീക്ഷത്തിലെങ്ങും പരന്നു കാണപ്പെട്ട പുക ദ്യോവിന്ന് (ദ്യോവ്=ആകാശം—

Digitized By Kerala Sahitya Akademi

അംബുധിവീഥിയിൽത്തേയ്ക്കുന്ന വെണ്പത-
ക്കമ്മായവും—മഹാശില്പി നീ കപ്പലേ!

II

2. താഴത്തു ഡിണ്ഡീരഷണ്ഡാവകീർണ്ണമാ-
മാഴിയെക്കണ്ടിട്ടനുകാരകൌതുകാൽ
അങ്ങിങ്ങു വെൺമുകിൽത്തുണ്ടുകൾകൊണ്ടൊരു
ഭംഗി വരുത്തി തനിയ്ക്കും നഭസ്ഥലം.
മീതേ ചലന്മേഘമംബരം; താഴെയോ,
വാതവേഗോത്ഥാപിതോർമ്മിയാമർണ്ണവം:
രണ്ടും സമസ്തദിഗ്വ്യാപി, സുദുസ്തരം,
രണ്ടുമൊരേ മട്ടമേയമഭംഗുരം.

---

ആകുന്ന സ്ത്രീയ്ക്കു) കറുത്ത ചുരുണ്ട കുന്തളത്തെ സമ്മാനിയ്ക്കുന്നു. അംബുധിവീഥിയിൽ (കപ്പൽ പോകുന്ന സമുദ്രത്തിന്റെ വഴിയിൽ) വെളുത്ത പതയാകുന്ന കമ്മായമിടുന്നു—ഈ കപ്പൽ ഒരു മഹാശില്പിയല്ലെന്നു ആർ പറയും?

2. ഡിണ്ഡീരഷണ്ഡാവകീർണ്ണം=നുരക്കൂട്ടങ്ങൾ ചിന്നിച്ചിതറിയതു്. താഴത്തു സമുദ്രത്തിൽ നുരക്കൂട്ടങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നതിന്റെ ഭംഗി കണ്ടിട്ടു് അനുകരണേച്ഛയാൽ നഭസ്ഥലം (ആകാശം) തനിയ്ക്കും വെണ്മേഘത്തുണ്ടുകൾകൊണ്ടു് ഒന്നു ചന്തംവരുത്തി. ചലന്മേഘം=ചലിയ്ക്കുന്ന മേഘങ്ങളോടുകൂടിയതു്. വാതവേഗോത്ഥാപിതോർമ്മി=കാററിന്റെ വേഗംകൊണ്ടു് പൊങ്ങിയ്ക്കപ്പെട്ട തിരകളോടുകൂടിയതു്. സമസ്തദിഗ്വ്യാപി=എല്ലാ ദിക്കിലും വ്യാപിയ്ക്കുന്നതു്. സുദുസ്തരം=തരണംചെയ്യാൻ ഏറ്റവും പ്രയാസമുള്ളതു്. അമേയം=അളക്കാൻ വയ്യാത്തതു്. അഭംഗുരം=നാശമില്ലാത്തതു്. രണ്ടുമൂന്നായിരം....നീ—രണ്ടുമൂവ്വായിരം ആളുകളാൽ നിറയപ്പെട്ട

Digitized By Kerala Sahitya Akademi

രണ്ടുമൂന്നായിരം മത്ത്യരെ സൈപരമൂഠം-
ക്കൊണ്ടെഴും ബ്രഹ്മാണ്ഡകല്പമാം കപ്പലേ,
വാനിടംപോലെ പരന്നുകിടക്കുന്ന
വാരാശിമേലൊരു കൊച്ചുപറവ നീ.

III

3 സിന്ധുവിൽ മുങ്ങിയ ഭാസ്വാൻ തുടപ്പാളു-
മന്തിയെത്തപ്പിയെടുത്തു പൊന്തിയ്ക്കവേ
പേർത്തുജ്ജ്വലിച്ചു പലേടവും കപ്പലിൽ
വൈദ്യുതദീപങ്ങളം; വാനിലുഡുക്കളും.
ആദിത്യബിംബമാം പൊങ്കുടത്തെച്ചുമ-
ന്നാദിമസന്ധ്യ വന്നെത്തുംവരെയ്ക്കുമായ്
വാരാകരത്തെയടച്ചുവെച്ചാളം നിശ,
ക്കൂരിരുട്ടാകുമിരിമ്പുപാത്രത്തിനാൽ.

---

ബ്രഹ്മാണ്ഡംപോലെയുള്ള ഈ കപ്പൽ ആകാശംപോലെ പരന്നു കിടക്കുന്ന സമുദ്രത്തിൽ ഒരു കൊച്ചുപറവയാകുന്നേയുള്ളു. ബ്രഹ്മാണ്ഡംപോലെ വലുതായിട്ടും, ഒരു പക്ഷിയെപ്പോലെയല്ലേ തോന്നുന്നുള്ളുവെന്നു ധ്വനി

3. ഭാസ്വാൻ=സൂര്യൻ. സൂര്യൻ അസ്തമിച്ചു ഉടനെ പ്രത്യക്ഷീഭവിയ്ക്കുന്ന അന്തിച്ചുകപ്പു കണ്ടാൽ, സൂര്യൻ സമുദ്രത്തിൽനിന്നെടുത്തുപൊന്തിച്ചതായി തോന്നുമല്ലോ. ഉഡുക്കൾ=നക്ഷത്രങ്ങൾ. ആദിമസന്ധ്യ=പ്രഭാതം. പിറേറന്നാളത്തെ ആദിമസന്ധ്യ ആദിത്യബിംബമാകുന്ന പൊങ്കുടത്തെ ചുമന്നു വന്നെത്തുംവരെ, രാത്രി സമുദ്രത്തെ കൂരിരുട്ടാകുന്ന ഇരിമ്പുപാത്രത്താൽ അടച്ചുവെച്ചു. രാത്രിസമയത്ത് ഇരുട്ടുമൂലം, ആകാശം ഭൂമിയെ ഇങ്ങിനെ മൂടികൊണ്ട് അടച്ചിരിയ്ക്കുന്നതായി തോന്നുമല്ലോ. രാത്രിസമയത്തു സമുദ്രത്തിന്റെ പരപ്പ് കുറഞ്ഞു കുറഞ്ഞ് ഒരു കിണററിന്നെപോലെ കാണപ്പെടുന്ന

Digitized By Kerala Sahitya Akademi

ചാലിതയന്ത്രാരവത്താൽപ്പുലമ്പിയും,
ചാഞ്ചാടിയും, ബഹുനീർപ്പത തുപ്പിയും,
ചാഞ്ഞും ചെരിഞ്ഞും ഗമിയ്ക്കുയായ് തീക്കപ്പൽ,
ചാരായമേറെക്കുടിച്ചവൻ പോലവേ.
കപ്പലാം തൊട്ടിലിലാട്ടിയാട്ടി, യതി-
ലുൾപ്പുക്കുമേവിന നാനാജനങ്ങളെ,
പൈതങ്ങളെയെന്നവണ്ണമുറക്കിനാർ
പാഥോധിതൻ ഗൃഹദാസികൾ, വീചികൾ.
കപ്പലിലുണ്ടു വേണ്ടോളം, തടിദ്ദീപ-
ശുഭ്രമാം പൂമച്ചു, കട്ടിൽ, കിടയ്ക്കയും;
അങ്ങിമദ്ധ്യത്തിലുമന്യൂനഭോഗ്യരായ്-
കല്പിച്ചുവാഴുന്നു വന്മുതലാളികൾ.
സാധുജനങ്ങളോ, നാനാജുഗുപ്സിത-
വ്യാധിദമാലിന്യദുർഗ്ഗന്ധസംവൃതർ:

---

തായി തോന്നുന്നു. രാത്രിയിൽ ചില കിണറുകൾ അടച്ചിടാറുണ്ടെ ന്നുള്ളതും ഓർക്കുക. ചാലിതയന്ത്രാരവം=ചലിപ്പിയ്ക്കപ്പെട്ട യന്ത്രത്തി ൻെറ ശബ്ദം. അതിനെ ജല്പനമാക്കിക്കല്പിച്ചിരിയ്ക്കുന്നു. പാഥോ ധി=സമുദ്രം. തിരകളെ സമുദ്രത്തിൻെറ ഗൃഹദാസികളാക്കിക്കല്പി ച്ചിരിയ്ക്കുന്നു. തടിദ്ദീപശുഭ്രം=വൈദ്യുതദീപങ്ങൾകൊണ്ടു് ഇരുട്ടു നീ ങ്ങിയതു്. അന്യൂനഭോഗ്യർ=ന്യൂനതയില്ലാത്ത(കുറവില്ലാത്ത)സുഖ വസ്തുക്കളോടുകൂടിയവർ. കല്പിച്ചു വാഴുന്നു—അധികാരശക്തി ധ്വ നിയ്ക്കുന്നു. നാനാജുഗുപ്സിതർ..........സംവൃതർ—പലതരത്തിലുള്ള അറപ്പു ജനിപ്പിയ്ക്കുന്നവയും വ്യാധികളെ ഉണ്ടാക്കുന്നവയുമായ അ ശുചിതങ്ങളാലും ദുർഗ്ഗന്ധങ്ങളാലും ചുററപ്പെട്ടവർ. ഊഴിയി.... .....പാപ്പീടം—തൊഴിലാളികൾക്കു് എവിടെയും നരകംതന്നെ. ലോകത്തെ ഐശ്വര്യപൂർണ്ണമാക്കുന്ന അധ്വാനശീലരായ പണിക്കാ

Digitized By Kerala Sahitya Akademi

ഊഴിയിലാകിലുമാഴിയിലാകിലും,
പാഴിരുൾക്കണ്ടേ പണിക്കാൾ പാർപ്പിടം!
കാലത്തുണന്ന തൊഴിലാളർ കപ്പലിൽ
ചേലുററ ചായങ്ങൾ തേച്ചാരതാതിടം;
നില്ലാതെ സൂര്യനും രശ്മികളാൽ മഴ-
വില്ലൊളി പൂശിനാൻ വീചികാഗ്രങ്ങളിൽ.

IV

4. പെട്ടെന്നു ചക്രവാളത്തിലൊരു മൂടൽ
പൊട്ടിപ്പുറപ്പെട്ടു പാരിച്ചു നില്ക്കയാൽ,
കട്ടിക്കരിങ്കന്മതിൽ ചുഴന്നുള്ളൊരു
വട്ടക്കളംപോലെ കാണായി വങ്കടൽ.

---

ക്ക്, അത്യന്താപേക്ഷിതങ്ങളായ പ്രാഥമികജീവിതസൌകര്യങ്ങൾ കൂടി ലഭിക്കുന്നില്ലല്ലോ, ഇന്നത്തെ ദുഷിച്ച ഭരണസമ്പ്രദായംകൊണ്ട്. കാലത്തുണന്നു....താതിടം—കപ്പലിൽ പതിവായി ചായംതേക്കലുണ്ട്. നില്ലാതെ=അമാന്തംകൂടാതെ. വീചികാഗ്രങ്ങൾ=തിരമാലയുടെ അററങ്ങൾ. കപ്പലിലെ തൊഴിലാളികളെന്നപോലെ സൂര്യനും പണിയെടുക്കാൻ തുടങ്ങി.

4. പെട്ടെന്നു ചക്രവാളത്തിൽ മൂടലുണ്ടാവുകയാൽ, നാലുഭാഗവും കരിങ്കന്മതിൽ കെട്ടിയ ഒരു വട്ടക്കളംപോലെയായിത്തീന്നു, കടൽ. ഇങ്ങിനെ സമുദ്രത്തിൻെറ വിസ്തൃതി കുറഞ്ഞതിനെപ്പററി പറയുന്നു: എത്ര മഹാന്മാരായാലും, ഉണ്ടികക്കച്ചവടം തുടങ്ങിയാൽ—അമിതമായ പലിശയ്ക്കു പണം കടം കൊടുത്തു ധനം സമ്പാദിക്കാൻ തുടങ്ങിയാൽ—അവരുടെ ഹൃദയവിശാലത നഷ്ടപ്പെട്ടുപോകും. അല്പാല്പമായി നീരാവി അന്തരീക്ഷത്തിനു നല്കിയതി



Digitized By Kerala Sahitya Akademi

ഉണ്ടികക്കാരായ്ച്ചമഞ്ഞാൽ മഹാത്മാക്കൾ-
മുണ്ടാകുമെത്രകണ്ടാശയവിസ്തൃതി?
അല്പാല്പനീരാവി താൻതാൻ കൊടുത്തതി-
നന്തരിക്ഷത്തിന്റെ കയ്യിൽ നിന്നാഞ്ജസാ
നല്ല മഴയാം പലിശ മേടിയ്ക്കുവാ-
നല്ലോ മുതിന്നു രത്നാകരമേ, ഭവാൻ!
കൊള്ളാം ദശാഭേദ:—മെങ്ങുപോയ്, ഫേനമാം
വെള്ളി വിതറിയിരുന്ന നിൻ ത്യാഗവും?

V

5. വക്കിൽ വിലങ്ങെക്കറുത്ത വരയിട്ട
പക്ഷങ്ങൾ വീശിയടുക്കൽപ്പറക്കവേ,

---

ന്നു പകരമായി സമുദ്രം നല്ല(വമ്പിച്ച)മഴയാകുന്ന പലിശ പററുകയല്ലേ ചെയ്യുന്നത്? (അന്നൊരു മഴയുണ്ടായി.) രത്നാകരം (രത്നങ്ങളുടെ വിളനിലം) എന്നു പറഞ്ഞതുകൊണ്ടു സമുദ്രത്തിന്ന് ഈ പലിശ പററിയിട്ടൊന്നും വേണ്ട ഉപജീവനത്തിന്നെന്നും, അതു കൂടാതെതന്നെ കഴിഞ്ഞുകൂടാമെന്നിരുന്നിട്ടും, വകയില്ലാത്തവരെ ദ്രോഹിയ്ക്കലുപേക്ഷിയ്ക്കുന്നില്ലെന്നും ധ്വനി. ഇങ്ങിനെ ഉണ്ടികക്കച്ചവടത്തെക്കുറിച്ചും മററുമുള്ള പരിഹാസം അവധേയം. ഈ ദശാഭേദം—അവസ്ഥാഭേദം—തരക്കേടില്ല. ഫേനമാം വെള്ളി—ഇപ്പോൾ പതയാകുന്ന വെള്ളി വിതറുകയെന്ന സ്വല്പമായ നിന്റെ ത്യാഗവും കാണ്മാനില്ല; കുറച്ചൊക്കെ ധർമ്മം ചെയ്യുക എന്ന പതിവും പോയ്പ്പോയി! മഴ പെയ്തപ്പോൾ നരയമന്നു.

5. ആപാണ്ഡുനിറം=തെല്ലു വെളുത്ത നിറം. റൊട്ടിക്കഷണം ആളുകൾ എറിഞ്ഞുകൊടുത്താൽ കടല്ക്കാക്കകൾ കൊക്കുകൊണ്ടു പിടിയ്ക്കും. കരയ്ക്കടുത്തതോട്ടുകൂടി കടല്ക്കാക്കകൾ ധാരാളം കാണ

Digitized By Kerala Sahitya Akademi

കപ്പൽയാത്രക്കാരെറിഞ്ഞുകൊടുത്തീട്ടു-
മപ്പക്ഷണങ്ങൾ കൊക്കിനാൽ ചാർത്തിയും,
ആഴിത്തിരതൻ ശിരസ്സിലിടയ്ക്കിട-
യ്ക്കാപാണ്ഡുവർണ്ണമാം തൊപ്പിയായ് മേവിയു-
മേതാണ്ടേടുത്തു കരയെന്നനക്ഷര-
മോതീടിനാർ പ്രിയംം നല്ക്കടല്ക്കാക്കകൾ.

6. പച്ചയുടുപ്പിട്ട തീരമതാ, ദൃഷ്ടി-
വെച്ചെതിരേല്ക്കുന്നു ഞങ്ങൾതൻ നൌകയെ;
എന്മാതൃഭൂപോലിരിയ്ക്കും മലയേഷ്യ-
യെൻനേർക്കു പുഞ്ചിരി തൂകി പുഷ്പങ്ങളാൽ.
പത്തുനാൾക്കപ്പുറം കപ്പൽത്തുറുങ്കിൽനി-
ന്നുദ്ദിഷ്ടദേശത്തിറങ്ങിയ വേളയിൽ,

---

പ്പെട്ടു. അനക്ഷരം=അക്ഷരങ്ങൾ കൂടാതെ. പ്രിയം=സന്തോഷവത്തമാനം. കരയ്ക്കടുത്തുവെന്നതു വളരെ ദിവസമായി കടൽയാത്ര ചെയ്യുന്നവക്ക് ഒരു നല്ല വത്തമാനമാണല്ലോ.

6. പച്ചയുടുപ്പിട്ട—വൃക്ഷലതാദികളാലാച്ഛാദിതമായ. ദൃഷ്ടിവെച്ച്—അതിഥികളെ എതിരേല്ക്കുന്നതിലുള്ള ആദരവും ശ്രദ്ധയും വ്യഞ്ജിയ്ക്കുന്നു. നൌക=കപ്പൽ. എന്മാതൃ......മലയേഷ്യ—കേരളവും മലയേഷ്യയും ഭൂപ്രകൃതികൊണ്ടു സാമ്യമുള്ളവയാണ്. പുഞ്ചിരി തൂകി പുഷ്പങ്ങളാൽ—അതിഥികളെ സ്വീകരിയ്ക്കുമ്പോഴത്തെ ഔദാര്യപ്പുഞ്ചിരിയത്രേ ഈ പുഷ്പവികാസം. ക്ലേശിച്ചാൽ=പ്രയാസപ്പെട്ട്. സംയമി=സന്ന്യാസി. വളരെ ദിവസം കപ്പലിൽ യാത്ര ചെയ്തു മഹാസാഗരത്തെപ്പിന്നിട്ട തനിയ്ക്കു, സംസാരസാഗരം പിന്നിട്ട ഒരു സംയമിയ്ക്കുണ്ടാവുന്ന സമാശ്വാസമത്രേ അനുഭവപ്പെട്ട

Digitized By Kerala Sahitya Akademi

സംസാരസാഗരം കൃച്ഛ്രാൽക്കടന്നോരു
സംയമിയ്ക്കൊപ്പം സമാശ്വസ്തനായി ഞാൻ
വമ്പിച്ച വീപ്പൊന്നു വിട്ടതു്, വിണ്ണണ–
ഞ്ഞുമ്പരെക്കോൾമയിർക്കൊള്ളിച്ചിരിയ്ക്കുമേ!

---

ത്. അങ്ങനെയുള്ള ആ സമാശ്വാസത്തിന്റെ നെടുവീപ്പ് സ്വഗ്ഗത്തിലുള്ളവരെ (ദേവന്മാരെ) കോൾമയിക്കൊള്ളിച്ചിട്ടുണ്ടാവാം. സ്വഗ്ഗത്തിലെത്തത്തക്കവണ്ണം അത്ര പൊങ്ങിയ നെടുവീപ്പായിരുന്നു അതു്!

Digitized By Kerala Sahitya Akademi

# ഓണസ്സദ്യ

(കേക)

1. അസ്താദ്രിതടത്തോപ്പി-
ലുറപ്പുകി വൃദ്ധാദിത്യൻ;
രിക്തയാം ദ്യോവും വെളു-
പ്പിച്ചിതു തൻവസ്ത്രത്തെ;
ചെമ്മുററ തൃക്കാക്കരെ-
യപ്പനെച്ചമപ്പാനായ്-
ച്ചെമ്മണ്ണു കൂട്ടീ പശ്ചാ-
ദ്ദിക്കിങ്കലന്തിക്കാർകൾ—
നാളെയാണോണം, സാക്ഷാൽ
മാബലി മലയാള-

---

1116 ചിങ്ങത്തിൽ എഴുതിയത്:—

വൃദ്ധാദിത്യൻ—സൂര്യനാകുന്ന കാരണവർ പച്ചക്കറി വല്ലതും ഉണ്ടോ എന്നാരായാൻവേണ്ടി അസ്തമയപർവ്വതത്തിന്റെ താഴ്വാരത്തിലുള്ള തോപ്പിന്നുള്ളിൽ പ്രവേശിച്ചു. രിക്ത=ശൂന്യ; ഒരു വകയുമില്ലാത്ത. ചെമ്മ്=ഭംഗി. രിക്തയാം.......തൻവസ്ത്രത്തെ—ഒന്നുമില്ലാത്ത ആ വാനവും ഓണം പ്രമാണിച്ച് അതിന്റെ ഉടുവസ്ത്രം ഒന്നു വെളുപ്പിച്ചിരിക്കുന്നു. കക്കിടകത്തിലെ കാർ നിറഞ്ഞ ആകാശം ചിങ്ങമാസത്തിൽ കാറൊഴിഞ്ഞു നിർമ്മലമാവുന്നതിനെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ചെമ്മുററ.......അന്തിക്കാർകൾ—ഓണത്തിന്ന് തൃക്കാക്കരയപ്പനെ വെക്കുക എന്ന ഒരു ചടങ്ങുണ്ട്, ഹിന്തുക്കളുടെ ഇയിൽ. നാളെയാണോണം—മഹാബലിയെ സ

Digitized By Kerala Sahitya Akademi

നാടിതു തൃക്കൺപാർക്കാൻ
　　വന്നൊത്തും ശുഭദിനം.
പടന്ന പോർത്തിയ്യാൽച്ചു-
　　ട്ടെരിഞ്ഞു, കൊട്ടംകാററാ-
ലുടഞ്ഞു, നീർപ്പൊക്കത്താൽ-
　　ച്ചീഞ്ഞ രാജ്യത്തെന്തോണം?
മൂക്കററി പൊക്കിക്കാട്ടി,
　　താൻ തീർത്ത പൊന്മൂക്കത്തി;
മുഷ്ക്കററാ പണ്ടപ്പാടെ-
　　ങ്ങെങ്ങുവാൻ പണ്ടംവാങ്ങൽ?
എമ്മട്ടോ, വറുതിയെ-
　　ച്ചുളിച്ചുനിർത്തി ലോക-
രിമ്മഹോത്സവത്തിലേ-
　　യ്ക്കിത്തിരി കടക്കുവാൻ:

---

ബഹുമാനം സല്ക്കരിച്ചെന്നിരേല്ക്കാൻ ഇത്തരം ഒരുക്കങ്ങളെല്ലാം വേണ്ടതുതന്നെ. പക്ഷേ, കേരളത്തിലെ സ്ഥിതി ഈയവസരത്തിൽ അതിന്നത്ര പററിയതല്ലെന്ന് പിന്നത്തെ വരികളിൽപ്പറയുന്നു. പോർത്തിയ്യ്=ഇക്കഴിഞ്ഞ യുദ്ധമാകുന്ന തിയ്യ്. കൊട്ടംകാററാലുടഞ്ഞ....

....ന്തോണം—ആ വർഷത്തിൽ കേരളത്തെ അങ്ങോളമിങ്ങോളമിട്ടുലച്ചു മുച്ചൂടും മുടിച്ച കൊട്ടംകാററിനെയും വെള്ളപ്പൊക്കത്തെയും സ്മരിയ്ക്കുക. മൂക്കററിപ്പൂവിന്നും മൂക്കുത്തിയ്ക്കും തമ്മിൽ സാമ്യമുണ്ടല്ലോ. മൂക്കററിയുടെ മൂക്കുത്തിപ്പണി വെറുതേ: ഈ കടുത്ത വറുതിയിൽ ആരാനും പണ്ടം വിലയ്ക്കു വാങ്ങുമോ? എമ്മട്ടോ.......കടക്കുവാൻ—ആളുകളെല്ലാം ഒരു വിധത്തിൽ ഈ മഹോത്സവത്തിലേയ്ക്കു കടന്നുകൂടാനായി—ഓണം വല്ലവിധത്തിലും ഒന്നു കൊണ്ടാടാനായി—വഴി തടഞ്ഞു നില്ക്കുന്ന ക്ഷാമത്തെ 'കണ്ണുംപിടിയും കാട്ടി'

Digitized By Kerala Sahitya Akademi

മിഴികൾക്കിമ്പം നല്കീ,
കാലത്തിൻ വിജയപ്പൊ-
ന്തഴകൾ, നേത്രപ്പുഴ-
ക്കലകൾ പലേടത്തും.

2. ഇരയും നേടിക്കാലേ
കൂട്ടിലെത്താനായ് നാനാ-
പറവക്കൂട്ടം പറ-
ന്നിരുന്ന വാനിൻതാഴേ,
പാതയിലൂടെ നട-
കൊൾവതുണ്ടൊരു മർത്ത്യ-
പ്പൈതലാം പറവയും,
തന്നുടെ കൂട്ടിൽച്ചെല്ലാൻ.

---

ചൂളിച്ചുനിർത്തി—വാസ്തവത്തിൽ, സമൃദ്ധിയുടെ സന്ദേശവുംകൊണ്ടുവന്ന ആ പൊന്നിൻചിങ്ങത്തിലും, ക്ഷാമം അതിന്റെ കരാളനൃത്തം ചവിട്ടിക്കൊണ്ടിരുന്നു എന്നു വ്യംഗ്യം. എന്തട്ടോ എന്നു പറഞ്ഞതുകൊണ്ടു ക്ഷാമത്തെ ചൂളിച്ചു നിർത്താൻതന്നെയും എത്ര പാടുപെട്ടുവെന്നു ധ്വനിക്കുന്നു. നേത്രപ്പുഴക്കലകളെ കാലത്തിന്റെ വിജയപ്പൊന്തഴകളായി രൂപണം ചെയ്തിരിക്കുന്നു.

2. കൽത്തുണ്ടു........ബ്ഭേദം—അടിച്ചുമർത്തിയിരുന്ന കരിങ്കല്ലിൻകഷ്ണങ്ങൾ (മേൽമണ്ണു നീങ്ങി) പൊന്തിയ നിരത്തും, കുട്ടിയുടെ എല്ലുന്തിയ കൃശശരീരവും തമ്മിൽ വ്യത്യാസമൊന്നുമില്ല. രണ്ടും പട്ടിണിപ്പാടിൽത്തന്നെ. തത്തുച്ഛശരീരം=അവന്റെ ചെറിയ ശരീരം. ഈ വക........................................തന്ത്രം—ദേശഭരണത്തിന്ന് ഈ വക കാര്യങ്ങളിൽ ശ്രദ്ധിക്കുകയല്ലല്ലോ പണി എന്നു പരിഹാസം. പൊതുജനകാര്യങ്ങളിൽ മനസ്സുവെയ്ക്കാൻ

Digitized By Kerala Sahitya Akademi

കൽത്തുണ്ടുമാതിരിയസ്ഥി
        പൊന്തിയ നിരത്തിലും,
തത്തുച്ഛശരീരവും
        തമ്മിലില്ലേറെബ്ഭേദം.
പട്ടിണിപ്പാടിൽത്തന്നേ
        രണ്ടു; മീവകകളിൽ–
ദൃഷ്ടിവെപ്പാനുള്ളൊന്നോ,
        ദേശരക്ഷണതന്ത്രം!
ദാരിദ്ര്യാനലധൂമ–
        രേഖപോലിരുണ്ടൊരു
കീറമുണ്ടിടംതോളി–
        ലിട്ടതിനുടെയോരം,
എന്തൊന്നിൻെറയോ കട്ടി–
        ക്കിഴിയായിരുന്നതെ,–
ല്ലുന്തിയ തൻപൃഷ്ഠത്തെ–
        ത്തടവി കൂടെക്കൂടെ.

---

-ഭരണസമ്പ്രദായം തികച്ചും പ്രജായത്തമാവണമല്ലോ. ദാരിദ്ര്യാനലധൂമരേഖ=ദാരിദ്ര്യത്തിൻെറ ഒരു വരി പുക. ദാരിദ്ര്യ...........കീറമുണ്ട്—അവൻെറ തോളിലിട്ട മുഷിഞ്ഞു നാറിയ കീറമുണ്ടു കണ്ടാൽ ദാരിദ്ര്യാഗ്നിയുടെ പുകയാണെന്നു തോന്നും. തൽപൃഷ്ഠത്തെ (അവൻെറ പുറത്തെ)തടവി—ആ ചെറുകിഴിയുംതന്നെ അറിയാമായിരിക്കണം, അവൻെറയും അവൻെറ കുടുംബത്തിൻെറയും ആവശ്യം തികച്ചും നിർവഹിക്കാൻ താൻ പര്യാപ്തമാവില്ലെന്ന്; ആ വിചാരത്താലാവാം, അവനെ സാന്ത്വനപ്പെടുത്താനെന്നപോലെ, അവൻെറ പൃഷ്ഠഭാഗത്തെ ആ കിഴി കൂടെക്കൂടെ തലോടിയിരുന്നത്! ശ്യാ

Digitized By Kerala Sahitya Akademi

തോർത്തുമുണ്ടിൻ മറുതുമ്പു
കക്ഷത്തിലുറപ്പിച്ചും,
ശ്യാമമായൊരു പൊതി
വലത്തേക്കയ്യിൽച്ചേർത്തും,
ഹാ, മൂക്കു പൊത്തിയ്ക്കുന്ന–
താകിയ തദ്ഗന്ധത്തെ —
പൂമണത്തിനെപ്പോലെ
പേർത്തുപേർത്താഘ്രാണിച്ചും,
ശോഷിച്ച കാലിന്നൊത്ത
വേഗേന പോകും ദീന–
വേഷനാമവന്നുണ്ടോ–
രാശ്വാസം മിഴിക്കണ്ടിൽ:
ഇല്ലയോ നാഴിയരി
കിഴിയിൽ,ക്കറിദ്രവ്യം

---

മം=പച്ചനിറത്തിലുള്ളത്—പച്ച ഇലകൊണ്ടാണ് പൊതിഞ്ഞിരുന്നത്. മൂക്കു പൊത്തിയ്ക്കുന്നതാകിയ—വല്ലാത്ത ദുർഗ്ഗന്ധമുള്ള ഉണക്കമത്സ്യമോ മറ്റോ ആവണം. ആ ദുർഗ്ഗന്ധത്തെ വമിയ്ക്കുന്ന ഭക്ഷണപദാർത്ഥവും ഒരു സുഗന്ധദ്രവ്യമെന്നപോലെ മണത്താസ്വദിയ്ക്കുവാൻ മാത്രം മുഴുത്ത അവന്റെ ആർത്തിയുടെ ദയനീയതയെയാണ് കവി കാണിച്ചുതരുന്നത്. ശോഷിച്ച........പോകും—അവന്നു വേഗം പോകണമെന്നുണ്ട്; പക്ഷേ, അവന്റെ പട്ടിണിക്കാലുകൾ അനുവദിയ്ക്കുന്ന വേഗത്തിലല്ലേ നടക്കാൻ കഴിയൂ? ദീനവേഷനാ........മിഴിക്കണ്ടിൽ—എന്നാൽ വൈകുന്നേരംവരെ ഏതാണ്ട് ഉപവാസമായിരുന്നേയ്ക്കാവുന്ന അവൻ ആ പരിമിതമാത്രവിഭവത്താൽത്തന്നെ തൃപ്തനായിരിയ്ക്കുന്നു. അത്രയ്ക്കുവശനാണവൻ എന്ന

Digitized By Kerala Sahitya Akademi

തെല്ലിലപ്പൊതിയിലും?
    കരസ്ഥമിന്നാത്താഴം!
തുഷ്ടരായ്ത്തിമക്കുന്നു-
    ണ്ടരികേ ചില വീട്ടി-
ലൊട്ടാത്ത വയറുള്ള
    ഭാഗ്യവാന്മാരാം ബാലർ;
വിട്ടീലാ നെടുവീപ്പു-
    ക്കൂട്ടരെക്കണ്ടിട്ടവൻ
ഒട്ടടക്കിടാമല്ലോ, ത-
    ന്നിശ്ശം ക്ഷുത്തിന്നല്ലിൽ.

3. പെട്ടെന്നു മററൊന്നായ്പ്പോയ്
    തദ്ദശ കിഴിയുടെ
കെട്ടഴിഞ്ഞു,രിയതാ
    കൊഴിഞ്ഞു വഴിമണ്ണിൽ;

---

ഷ്ഠം. ഇതിനാൽത്തന്നെയാണ്, അരികിൽ 'തുഷ്ടരായ് തിമക്കുന്ന' 'ഒട്ടാത്തവയറുള്ള' (ഓണസ്സദ്യയാൽ വയർവീർത്ത) ഭാഗ്യവാന്മാരെക്കണ്ടു്, അവൻ നെടുവീപ്പിടാത്തതും. ലോകത്തിൽ കണ്ടുവരുന്ന ഈ വൈപരീത്യത്തെ—ഒരു ദിക്കിൽ സമൃദ്ധി, മററൊരിടത്തു് ഒന്നുമില്ലായ്മ—പ്പററി അവനും ചില നിനവുകളെല്ലാം ഉണ്ടായിട്ടുണ്ടാവണം. എന്നാൽ ഇപ്പോഠം, അവന്റെ കയ്യിലുമുണ്ടല്ലോ സ്വല്പം ഭക്ഷ്യം. വിശപ്പിന്റെ മുമ്പിൽ ഈശ്വരൻപോലും ഭക്ഷണത്തിന്റെരൂപത്തിലാണവതരിക്കുക.

3. ദിഷ്ടവൈപരീത്യം=ഭാഗ്യവൈപരീത്യം. വഴിയിൽ വീണ ചിന്നിച്ചിതറിയ അരിമണികളെ അവന്റെ നിനവുകഠം നക-

Digitized By Kerala Sahitya Akademi

ദിഷ്ടവൈപരീത്യത്താൽ
നുറുങ്ങുനുറുങ്ങാക്ക-
പ്പെട്ടങ്ങു ചിന്നിക്കാണായ്
സാധുവിൻ നിനവെല്ലാം!
സംഭ്രമലജ്ജാദുഃഖ-
സംഭൃതനായിത്തിന്നൊ-
ന്നൊമ്പാടും നിരീക്ഷിച്ചു,
കുന്തിച്ചങ്ങിരുന്നവൻ
പൊതിയെച്ചാരേ വെച്ചു,
തോളുമുണ്ടു വിരിച്ചിട്ട-
പ്പതിതപ്രാണാംശങ്ങൾ
കോരിനാൻ കൈരണ്ടാലും—
കിട്ടിയതവയെക്കാ-
ളധികം മൺകല്ലല്ലോ,
കുട്ടി പിമ്പരിമണി
പെറുക്കിയെടുക്കയായ്

---

ങ്ങി ചിന്നിച്ചിതറിയതായി കല്പിച്ചിരിക്കുന്നു; ആ കിഴിയിന്മേലാണല്ലോ അവൻെറ എല്ലാ നിനവുകളും—ആശകളും—വർത്തിച്ചിരുന്നത്. സംഭ്രമ........സംഭൃതൻ=സംഭ്രമം, ലജ്ജ, ദുഃഖം എന്നിവ കൂടിച്ചേർന്നവൻ. എമ്പാടും........ക്ഷിച്ചു—തനിക്കു പററിയ അമളി ആരാനും കണ്ടുവോ എന്ന്. പതിതപ്രാണാംശങ്ങൾ=വീണുപോയ ഉപജീവനവസ്തുവിൻെറ അംശങ്ങൾ (അരിമണികൾ). ആപത്തിൻ വിമാനം...........പരുന്ത്—അവൻ അരി പെറുക്കിയെടുക്കുന്ന ആ അവസരത്തിൽ ആപത്തിൻെറ വിമാനംപോലെ ഒരു പരുന്ത് പറന്നെത്തിച്ചേർന്നു. അനുകമ്പാപരരാം...........അനുക

Digitized By Kerala Sahitya Akademi

ആപത്തിൻ വിമാനംപോ-
ലൃത്തുവ്വിലൊരു പരു-
ന്താപതിച്ച്യവൻറയാ
വരാൽമീൻപൊതിയേയും
തരസാ റാഞ്ചിക്കൊണ്ടു
പറന്നാന,റകമ്പാ-
പരരാം ദേവന്മാർ-
തൻ തിരുവീഥിയിലൂടെ.
രാക്കൊററു കൊതിച്ച വായ്
പൊളിച്ചാ നിരാലംബൻ
നോക്കിനാൻ മുകളിലേ-
ക്കശ്രുനീരോലും കണ്ണാൽ.
പൊങ്ങിലാ നിലവിളി-
ച്ചീടുവാനൊച്ചയവ-
ന്നെ;ങ്ങിനെ വീട്ടിൽച്ചെല്ലു-
മെന്തങ്ങുചെന്നാൽച്ചൊല്ലും?
താതൻെറ സവ്സ്വത്താൽ
വാങ്ങിയൊരോണസ്സദ്യ

---

ബയുള്ളവരെന്നു വിളിക്കപ്പെട്ട ദേവന്മാരുടെ തിരുവീഥിയിലൂടെ (ആകാശത്തൂടെ)യാണ്, ആ പരുന്ത് ഒരു സാധുക്കുട്ടിയുടെ കൊററ തട്ടിക്കൊണ്ടുപോയത്; ഈ പിടിച്ചുപറിയെ ദയാലുക്കളായ ദേവകളിലാരും തടുക്കുകയുണ്ടായില്ല! തിരുവീഥി—ബഹുമാനസൂചകം. നിരാലംബൻ=നിരാശ്രയൻ. താതൻെറ സവ്സ്വത്താൽ—അച്ഛൻ എങ്ങിനേയോ ബുദ്ധിമുട്ടി കൂലിപ്പണിയെടുത്തു സമ്പാദിച്ചതെല്ലാം കൂടിയുള്ളതാണത്. പാതമണ്ണിന്നും........പങ്കിട്ടല്ലോ—

Digitized By Kerala Sahitya Akademi

പാതമണ്ണിന്നും പരു-
ന്തിന്നുമായ്പ്പകിട്ടല്ലോ;
അമ്മുഴവിശപ്പിൻെറ
തല്ലു മാത്രമല്ല,ച്ഛ-
നമ്മമാരുടെ തല്ലും
കൊള്ളേണ്ടിവരാം പാവം!

4. മാററുകിക്കരച്ചിലെൻ
മകനേ: നിന്നെപ്പേർത്തും
പോററട്ടേ, ഭവൽകുല-
ദൈവതം സഹിഷ്ണുത്വം;

---

അരി പാതയിൽ കൊഴിഞ്ഞു വീണുപോയി; വരാൽമീൻ പൊതി പരുന്തും റാഞ്ചിക്കൊണ്ടുപോയി. അമ്മുഴ........പാവം—വിശപ്പിൻെറ തല്ലു മാത്രമല്ല അച്ഛനമ്മമാരുടെ തല്ലും കൊള്ളണം. രണ്ടും കൂടി സഹിയ്ക്കാൻ ഈ കൊച്ചന്ന് എങ്ങിനെ കഴിയുമെന്നു 'പാവം' എന്നുള്ള പദത്തിൽനിന്നു വ്യഞ്ജിയ്ക്കുന്നു.

4. മാററുകി...........മഹാബ്ധിയ്ക്കും—ഇതു കവി ആ കുട്ടിയോടു സവാത്സല്യം നേരിട്ടു പറയുന്നതാണ്. ഭവൽകുലദൈവതം സഹിഷ്ണുത്വം—സഹനശീലമൊന്നാണല്ലോ സാധുക്കളുടെ പരദേവത. അതില്ലായിരുന്നെങ്കിൽ, അനേകമനേകം പട്ടിണിപ്പാവങ്ങളുള്ള ഈ ലോകത്തിൽ എന്തുതന്നെ സംഭവിയ്ക്കില്ല! സഹനശീലം വേണമെന്നു പറയുന്നതോടൊപ്പം, ജീവിതമത്സരത്തിൽ നാം പരാജയബോധത്തോടുകൂടി—എന്നും തോല്ക്കാനേ ഇടയുള്ളൂ എന്നു കരുതി—ഒരിയ്ക്കലും പിന്തിരിഞ്ഞുപോകരുതെന്ന് കവി ഉപദേശിയ്ക്കുന്നു; പരപ്പും ആഴവുമേറിയ മഹാസമുദ്രത്തിന്നുപോ

Digitized By Kerala Sahitya Akademi

തോറെറാഴിയ്ക്കായ്ക്കെമ്മട്ടം,
ജീവിതപ്പടയിൽ നാം:
ഏററവു,മിറക്കവു-
മുണ്ടല്ലോ മഹാബ്ധിയ്ക്കും!

---

ലും വേലിയേററവും ഇറക്കവും—ജയവും പരാജയവും—ഉണ്ടെ ന്നു നാം മനസ്സിലാക്കണം. പക്ഷേ, വീണ്ടും പൂർവ്വാധികം മുന്നോട്ടുപോകാൻവേണ്ടിയത്രേ സമുദ്രം പിന്തിരിഞ്ഞുപോരുന്നത്. അതുപോലെതന്നെ, ജീവിതസമരത്തിൽനിന്നുള്ള നമ്മുടെ ഓരോ പിന്തിരിയലും, നമ്മെ മുമ്പത്തേക്കാറം കർമ്മോന്മുഖരാക്കി മുന്നേറാൻ പ്രയോജനപ്പെടുത്തണമെന്നഭിപ്രായം.

Digitized By Kerala Sahitya Akademi

# അഹിംസ

(അന്നനട)

1. ഗുരുജനതപോഗുണാകൃഷ്ടയായി–
ച്ചിരേണ നമ്മുടെ മഹാരാജ്യലക്ഷ്മി
തിരിച്ചെഴുന്നള്ളിവരും വഴിതന്നിൽ
നിരപരാധർതന്നുടൽനിണംകൊണ്ടോ
നറുംകുങ്കുമനീർ തളിയ്ക്കുന്നു നിങ്ങൾ
ദുരാവേശം പൂണ്ടെൻ പ്രിയയുവാക്കളേ;

---

1107 ധനുവിൽ എഴുതിയത്.

അന്ന് ഇന്ത്യയിലെ ഭീകരപ്രസ്ഥാനം തീരെ കെട്ടടങ്ങിയിരുന്നില്ല. മർദ്ദനകാരിയായ മറുനാടൻഭരണത്തിന്റെ നേരെ ജനങ്ങൾക്ക് അടക്കാൻ വയ്യാത്ത വെറുപ്പും വിദ്വേഷവും ഉണ്ടായിരുന്നു. അതിന്റെ ഫലമായി അസംഘടിതമായ ഹിംസ അവിടവിടെ പൊട്ടിപ്പുറപ്പെട്ടിരുന്നു. ഒരു വ്യാഴവട്ടകാലത്തിന്നുമുമ്പ് ഭീകരപ്രസ്ഥാനത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരി ഒരുയന്ന ഉദ്യോഗസ്ഥനെ വെടിവെയ്ക്കുകയുണ്ടായി. ഈ സംഭവത്തിന്റെ വെളിച്ചത്തിൽ എഴുതിയതാണിക്കവിത. ഒരു രാഷ്ട്രീയായുധമെന്ന നിലയ്ക്കു മാത്രമല്ല, എല്ലാ നിലയ്ക്കും കവി ഹിംസയെ എതിർക്കുന്നു; മരിയ്ക്കാനല്ലാതെ മരിപ്പിയ്ക്കാൻ മനുഷ്യന്നവകാശമില്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. ഹിംസകൊണ്ടു നേടീട്ടുള്ള ഏതു വിജയത്തിലും ലോകം പരാജയപ്പെട്ടിട്ടേയുള്ളു.

1. ഗുരുജന............കൃഷ്ടയായി=ഗുരുജനങ്ങളുടെ—നേതാക്കന്മാരുടെ തപസ്സാകുന്ന (ത്യാഗമാകുന്ന) ഗുണത്താൽ ആകർഷിക്കപ്പെട്ടവളായി. ദുരാവേശം=കെട്ട ആവേശം. എൻപ്രിയയുവാ

Digitized By Kerala Sahitya Akademi

അറിഞ്ഞിടപ്പെട്ട ശിരസ്സുകൾകൊണ്ടോ
നിരത്തിവെയ്ക്കുന്ന നിറകുടങ്ങളെ!
പരന്മാർതൻ പ്രാണപവനനെക്കൊണ്ടോ
പറപ്പിച്ചീടുന്ന കൊടിക്കൂറകളെ!
വരധൂപം, തോക്കിൻ കെടുപുകകൊണ്ടോ
വളർമാല്യം ശൃംഖല,യന്ന് വാൾകൊണ്ടോ!
ചടചടെച്ചെന്തീക്കുടുക്കകൾകൊണ്ടോ
പടക്കംപൊട്ടിയ്ക്കൽ മഹോത്സവമിതിൽ!
ശവങ്ങളോ കോണിപ്പടികളാകേണ്ട-
തവിടെയ്ക്കു സിംഹാസനത്തിലേറുവാൻ!

2 ഒരിച്ചയെക്കൊന്നാൽ തിരുവിണ്ടലത്തിൻ
പെരുമാൾപ്പട്ടം കൈവരുമെന്നായാലും
കരുണ കൈവിട്ടച്ചെറുദേഹത്തിന്മേ-
ലൊരു പോറൽപോലും പെടുത്തിടാത്തവർ,

---

ക്കളേ—'രാജ്യത്തിൻെറ സ്വാതന്ത്ര്യം സമ്പാദിയ്ക്കാൻവേണ്ടിയാണ് ഞങ്ങൾ ഭീകരപ്രസ്ഥാനത്തിൽ ചേൎന്നിരിയ്ക്കുന്നത്'' എന്നു പറയുന്നവരോടു നേരിട്ടെന്നപോലെ പറയുന്നു. വളർമാല്യം=വലിയ മാല. ചെന്തീക്കുടുക്കകൾ=ബോംബുകൾ. അവിടെയ്ക്ക്—രാജ്യലക്ഷ്മിയ്ക്കു.

2. തിരു.......പട്ടം=ശ്രീമൽസ്വൎഗ്ഗത്തിലെ ഇന്ദ്രപട്ടം. ചെറിയ ധൎമ്മത്തെ=അഹിംസയെ. നലമേറും=നന്മയേറുന്ന. അസ്ത്രാദാനം=ആയുധമെടുക്കൽ. അഭംഗധൈൎയ്യം=ദൃഢമായ ധൈൎയ്യത്തോടുകൂടിയവർ. അരുതസ്ത്രാദാനം—വാല്മീകിരാമായണം ആരണ്യകാ

അതേ, നേരേമറിച്ചൊരു പുഴവിനെ
മുതിവായിൽനിന്നു വിട്ടുത്തിടാമെങ്കിൽ
അതിനായിസ്സ്വസ്വാവും ചെലവാക്കു-
ന്നാവർ പണ്ടുപണ്ടേ ഭരതരാജ്യക്കാർ.
പെരിയ ധർമ്മത്തെപ്പാറിപ്പിച്ച നാടി-
നാരുമപ്പെതങ്ങൾ ചെറുപ്പക്കാർ നിങ്ങൾ
കുലപൂർവ്വരുടെ വഴി വിട്ടു വെറും-
കൊലപ്പുള്ളികളായ്ക്കുഴവിലേറിയാൽ,
തല പാതാളാന്തംവരെത്താഴില്ലയോ
നലമേറുമസ്മജ്ജനനിയ്ക്കൊന്നും!

അഹോ കഷ്ടാൽക്കഷ്ടം,മഹോ ക്രൌര്യാൽക്രൌര്യം,-
മഹോ പാപാൽപ്പാപ,മഹോ ദുഃഖാൽ ദുഃഖം:
അരുത്,സ്ത്രാദാനമനത്ഥഹേതുവെ-
ന്നാരണ്യത്തിൽവെച്ചുമഭംഗധൈര്യയായ്
കണ്വനോടുപന്യസിച്ചരുളിയ
ജനകജയുടെ ജനിഭൂവിലിതാ,
നരവേട്ടയ്ക്കു തോക്കെടുത്തിറങ്ങിപോൽ
പുരന്ധ്രിമാർകളും പുരുഷന്മാർക്കൊപ്പം!

---

ണ്ഡം ഒമ്പതാംസർഗ്ഗം' 'സീതാവാക്യം' എന്ന ഗാഥ നോക്കുക. ജനിഭൂവ്=ജന്മഭൂമി. പുരന്ധ്രിമാർ=സ്ത്രീകൾ. വരിഷ്ഠയത്നർ=ശ്രേഷ്ഠമായ പ്രവൃത്തിചെയ്യുന്നവർ. ദാസ്യതമസ്സ്=അസ്വാതന്ത്ര്യമാകുന്ന ഇരുട്ട്. നിരായുധപ്പോര്=ആയുധത്തോടുകൂടാത്ത പോര്—സഹനസമരം. കാതരത്വം=ഭീരുത്വം. ശമപ്പുകൾപ്പെട്ട്=ശാന്തികൊണ്ടു

3

Digitized By Kerala Sahitya Akademi

വരിഷ്ഠയതാരാം കുമാരരേ, മാറി-
ച്ചരിയ്ക്കായ്‌വിൻ ദാസ്യതമസ്സിനാൽ നിങ്ങൾ:
നിരായുധപ്പോരാണിഹ ധീരധർമ്മം;
കരവാളമെടുപ്പതോ, കാതരത്വം.
മരിയ്ക്കുവാനല്ലാതൊ,രു നിലയിലും
മരിപ്പിപ്പാനില്ല നരനനുവാദം.
ചിരായ ഹിംസയാൽജ്ജയം നേടിയതിൽ-
പ്പരാജിതമായ്പ്പോയിരിയ്ക്കുന്നു ലോകം.
സ്വമാതൃഭൂവിൻെറ ശമപ്പുകൾപ്പട്ടിൽ-
സ്സമസൃഷ്ടരക്തം തെറിപ്പിച്ചീടാതെ,
അഹിംസയെത്തന്നെ ഭജിച്ചുകൊള്ളുവി-
ന,ഹിംസതാൻ നമുക്കഭീഷ്ടദായിനി.

---

ള്ള കീർത്തിയാകുന്ന ചാട്ട്. സമസൃഷ്ടരക്തം=സഹോദരന്മാരുടെ ചോര. അഭീഷ്ടദായിനി=അഭീഷ്ടത്തെ തരുന്നത്. അഹിംസകൊണ്ടുതന്നെ നമുക്ക് സ്വാതന്ത്ര്യം കൈവരുമെന്നു സാരം.

Digitized By Kerala Sahitya Akademi

# പകൽ

(കേക)

1. അത്രയും കുളിർക്കയോ-
ലെൻനേത്രമുൽപ്രേക്ഷിച്ചു:
വിസ്തൃതസുദീർഘമീ-
ക്കടലിൻ മണപ്പുറം,
പ്രകൃതീശ്വരിയുടെ-
യക്ഷയതൂച്ചെപ്പിലെ
പ്രവരകർപ്പൂരച്ചാ-
ർത്തുതിർന്ന് കിടപ്പതാം;
കിഞ്ചന തന്മാധുര്യം
നുകർന്ന ഹൃദയമോ,

---

1103 വൃശ്ചികത്തിൽ എഴുതിയത്:

ഒരു സായാഹ്നത്തിൽ കടപ്പുറത്ത് ചെന്നുനിന്ന കവിയുടെ അനുഭവമാണിതിൽ വിവരിക്കുന്നത്.

1. അത്രയും കുളിർക്ക..........ച്ചാർത്തുതിർന്ന് കിടപ്പതാം.—ആ വെൺമണൽപ്പരപ്പിനാൽ ഉലോലം കുളിപ്പിക്കപ്പെട്ട കണ്ണ്, അതിനെ പ്രകൃതീദേവിയുടെ കർപ്പൂരം ഉതിർന്നുകിടക്കുന്നതാണെന്നു വാദിച്ചു. അപ്പോഴാം, അതിന്റെ മാധുര്യം തെല്ലൊന്നു ആസ്വദിച്ച ഹൃദയം അതു പഞ്ചാരപ്പരപ്പാണെന്നു അഭിപ്രായപ്പെട്ടു. ഇങ്ങിനെ കണ്ണും കരളും തമ്മിൽ ഒരു തീരാത്തക്കം നടക്കുകയായി; എന്നാൽ ഇതു കേൾക്കാനുള്ള ചെവിയാകട്ടെ, കടലിന്റെ പെരുമ്പറയടിയാൽ (അലയടിശ്ശബ്ദത്താൽ) ആകർഷിക്കപ്പെട്ടിരിക്കുന്നു!—ഭാവനാശാലിയായ കവിയുടെ കണ്ണും കരളും ചെവിയും ആ മണൽപ്പ

Digitized By Kerala Sahitya Akademi

പഞ്ചാരപ്പുരപ്പാണി–
        തെന്നഭിപ്രായപ്പെട്ടാൻ;
ഇവർതൻ തീരാത്തക്കം
        കേഠംപ്പതാരാ?—കൃഷ്ടം മേ
ശ്രവണം സമുദ്രത്തിൻ
        മന്ദ്രതൂയ്യാരാവത്താൽ.
വിശ്വപൂജിതർ നാനാ–
        വിബുധർ വിഹരിയ്ക്കും
വിസ്തീർണ്ണനഭസ്ഥലം
        ഹാ, തമോമലീമസം;
പാമരരാകും മർത്ത്യർ
        ചവുട്ടി നടക്കുന്ന

---

രപ്പിൻെറ കുളുമ്മയിലും മാധുര്യ്യ(സൌന്ദര്യ്യ)ത്തിലും, കല്ലോലമാലയുടെ പെരുമ്പറയടിയിലും അത്രമേൽ മുഴുകി എന്നുസാരം. വിസ്തൃതസുദീഘം=പരന്നു നീണ്ടുകിടക്കുന്നത്. അക്ഷയം നാശമില്ലാത്തത്. മന്ദ്രതൂയ്യാരാവം=പെരുമ്പറയടിയുടെ മുഴങ്ങുന്ന ശബ്ദം.

വിശ്വപൂജിതർ...........തമോമലീമസം—ലോകത്താൽ മുഴുവൻ ആരാധിയ്ക്കപ്പെടുന്ന വിബുധർ(ദേവകഠം എന്നും ബുദ്ധിമാന്മാർ എന്നും) വിഹരിയ്ക്കുന്ന നഭസ്ഥലം തമോമലീമസം (=ഇരുട്ടിനാൽ മലിനം) ആണ്. എന്നാൽ പാമരരായ മർത്ത്യർ ചവുട്ടിനടക്കുന്ന പാഴ്മണൽപ്പുരപ്പോ, സത്ത്വസദ്ഗുണശുഭ്രവും! വെളുപ്പത്രേ, സത്ത്വഗുണത്തിൻെറ നിറം. ദേവലോകത്തിൻെറ നിസ്സാരതയേയും മർത്ത്യലോകത്തിൻെറ മഹിമാവിനെയും ഉദ്ഘോഷിച്ച്, കവി അഭിമാനംകൊള്ളുന്നു. ഇതിന...........ച്ചെടികളായി—ഇത്രയും ഉപരിസ്ഥമായ ആ വിബുധവിഹാരസ്ഥലം ഇത്രമേൽ തമോ

Digitized By Kerala Sahitya Akademi

പാഴ്മണൽപ്പരപ്പിതോ,
സത്താസൽഗുണശുഭ്രം.
ഇതിന്ന വാനിൻ നേക്കു-
ള്ളനുകമ്പാങ്കുരങ്ങൾ
മുതിൎന്നു നില്പുണ്ടങ്ങി-
ങ്ങു,പ്പച്ചച്ചെടികളായ്!

2. സായാഹ്നോദിതമൊരു-
മങ്ങലനാകൃത്രിമ-
മായ കന്മതിലാക്കി
പശ്ചിമവ്യോമാന്തത്തെ;
അമ്മതില്ക്കകത്തുനി-
ന്നയരെക്കാണായ് ചില
വന്മുകിൽത്തുണ്ടുകളാ-
മാരാമദ്രുമാഗ്രങ്ങൾ.
ഏതിന്ദ്രജാലത്താലോ
ക്ലൃപ്തമീയതിൎക്കോട്ട

---

മയമാണെന്നോൎത്ത് ഈ മൎത്ത്യലോകത്തിന്നു പരിഹാസമൊന്നുമില്ല; അതിന്റെ പേരിൽ അനുകമ്പയേയുള്ളു. അനുകമ്പാങ്കുരങ്ങൾ =(അങ്കുരമെന്നും അങ്കുരമെന്നും ആവാം) അനുകമ്പയുടെ മുളകൾ. അനുകമ്പയുടെ നിറം പച്ചയത്രേ.

2. അന്നത്തെ സായാഹ്നം എങ്ങിനെയായിരുന്നുവെന്നാണ് ഇനി പറയാൻ പോകുന്നത്. സായാഹ്നോദിതം=സായംകാലത്ത് ഉള്ളവായത്. അകൃത്രിമം=താനേ ഉണ്ടായത്. സായാഹ്നവേളയിലെ പശ്ചിമചക്രവാളത്തിന്നു ഒരു കന്മതിലിന്റെ പ്രതീതിയു

Digitized By Kerala Sahitya Akademi

ജാതവിഭ്രമമാക്കി
ദൃഷ്ടിയെ ക്ഷണനേരം:
ആഴിതൻ പരപ്പെല്ലാ-
മെങ്ങുപോയ്, രയ്ക്കാല്പ-
നാഴിക നീന്തിച്ചെന്നാ-
ലക്കരെയ്യെത്താമല്ലോ!
വെള്ളത്തിലിട്ടാലെന്ന
പോലവേ, കാററുകൊണ്ടുക്ക
പൊള്ളച്ചമമൻമ-
ഞ്ഞെന്നുടെയുടുവസ്ത്രം
തിരകളുടെ കളി
കളിയ്ക്കുന്നതു കണ്ടു
നരയാൽച്ചിരിച്ചാരാ-
ക്കടലിൻ കൈക്കുഞ്ഞുങ്ങൾ!

3. അസ്തമിച്ചിട്ടില്ലർക്ക-
നെ, ങ്കിലുമൊരു മിത്ഥ്യാ-

---

ളവാക്കി. ആ കന്മതിലിനുള്ളിൽ തലയുയർത്തിനില്ക്കുന്ന ആരാമ വൃക്ഷങ്ങളായിത്തോന്നി, അവിടെ കണ്ട വലിയ മേഘഖണ്ഡങ്ങൾ. ക്ലപ്തം=നിർമ്മിയ്ക്കപ്പെട്ടത് ജാതവിഭ്രമം=ഭ്രമമുളവായത്. മഞ്ഞൽ മൂലം കടലിന്റെ വിശാലത അറിയപ്പെടാതായി; അരയ്ക്കാൽ നാഴികയേ കടലിന്നു വീതിയുള്ളു എന്നു തോന്നി.

ഉടുവസ്ത്രത്തിന്നുള്ളിലേയ്ക്കു കാററു കടന്ന്, പൊന്തിയും താണും തിരകളുടെ കളിയെ അനുകരിയ്ക്കാൻ തുടങ്ങിയതിൽ, ആ കടലിന്റെ കൈക്കുഞ്ഞുങ്ങൾക്ക് (തിരകൾക്ക്) നല്ല രസം പിടിച്ചു.

Digitized By Kerala Sahitya Akademi

ഭിത്തിയാൽ തിരോഹിതം
 പെട്ടെന്നാജ്ജഗദ്ദീപം—
വാരുണപുരോദ്യാന-
 പ്പൊന്നുപൂങ്കുലയതു
വാടിയോരിലയുടെ
 മറവിലായിപ്പോയി.
കുങ്കുമപ്പൊട്ടന്നാളിൽ-
 ത്തൊട്ടീല സായംസന്ധ്യ!
തങ്കനീരാളസ്സാരി
 നിവൃത്തിയതുമില്ലാ;
നഷ്ടലക്ഷ്മീക,മൊരു
 മുഷിഞ്ഞ വെളിയട-
യിട്ടപോലിരുന്നു തൽ-
 ഗൃഹത്തിൻ പുരോഭാഗം.

---

3. മിഥ്യാഭിത്തി=ഇല്ലാത്തതായ ഭിത്തി. തിരോഹിതം=മറയ്ക്കപ്പെട്ടത്. ജഗദ്ദീപം=സൂര്യബിംബം. വാരുണപുരോദ്യാനം=വരുണന്റെ പട്ടണത്തിലെ പൂന്തോട്ടം. ഒരു മൂടൽ വന്നു സൂര്യബിംബത്തെ മറച്ചു. ആ വാരുണപുരോദ്യാനത്തിലെ പൊന്നുപൂങ്കല (സൂര്യബിംബം) ഒരു വാടിയ ഇലയുടെ മറവിൽപ്പെട്ടു. അന്നത്തെ സായംസന്ധ്യ വിഷാദാകുലയായി കാണപ്പെട്ടു. അതു പതിവിൻപടി കുങ്കമപ്പൊട്ട് (സന്ധ്യാരാഗം) തൊടാനും പോയില്ല, തങ്കനീരാളസ്സാരി നിവത്താനും മുതിൎന്നില്ല. നഷ്ടലക്ഷ്മീകം=ലക്ഷ്മി (ശ്രീ; ഐശ്വൎയ്യം) നശിച്ചത്. അന്നത്തെ സന്ധ്യയുടെ വീട്ടിന്റെ പൂമുഖം ഒരു ദുഃഖമാചരിയ്ക്കുന്നപോലെ തോന്നി.

Digitized By Kerala Sahitya Akademi

4. മരണം സമീപിച്ച-
പ്പോഴെയ്ക്കും പകല്ക്കതാ,
മറഞ്ഞുപോയല്ലോയ് തന്റെ
വിജ്ഞാനം —രവിബിംബം.
ആ വൃദ്ധനാളായീലാ,—
സന്ധ്യയാം സ്വപുത്രിയ്ക്കൊ-
ന്നിവിധമുപദേശി-
ച്ചാശ്വാസം വരുത്തുവാൻ:—
"പിതൃദുഃഖത്താൽ വാട്ടാ-
യ്ക്കൊമനച്ചെന്താർമൈ നീ,
മൃതിതൻ കിനാവത്രേ
പിറപ്പെന്നതു വത്സേ;

---

4. മരണസമയം അടുക്കുമ്പോഴെയ്ക്ക്, ഏതു ജ്ഞാനിയ്ക്കും തന്റെ പ്രജ്ഞ കെട്ടുപോകുമെന്ന് അല്ലെങ്കിൽ പകലിനെപ്പോലെയുള്ള ഒരു പ്രകാശശാലിയ്ക്കു മരണസമയത്ത് തന്റെ വിജ്ഞാനം (രവിബിംബം) നഷ്ടീഭവിയ്ക്കുമോ? ഈ വിജ്ഞാനം നഷ്ടപ്പെട്ടതിനാലാണല്ലോ, അതിന്നു (പകല്ക്ക്) തന്റെ പുത്രിയായ സന്ധ്യയെ സമാശ്വസിപ്പിയ്ക്കാൻ കഴിയാഞ്ഞത്. സമാശ്വസിപ്പിയ്ക്കപ്പെട്ടിരുന്നുവെങ്കിൽ സന്ധ്യ മുകളിൽപ്പറഞ്ഞവിധം വൃഥാ ദുഃഖിയ്ക്കുമായിരുന്നില്ലെന്നർത്ഥം.

പകലിന്റെ സന്ധ്യയോടുള്ള സാന്ത്വനവാക്യം ഇതായിരിയ്ക്കാം:—

"മൃതിയുടെ ഒരു സ്വപ്നമാണ് ജനനം; നിത്യവും അനന്തവുമായ രാത്രിയാകുന്ന നീരാഴിയിലുണ്ടായ ഒരു വെളുത്ത പതയാണ് ഈ പകൽ! (അത്ര ക്ഷണികമാണ് ഈ ജീവിതവും, ഈ പകലും എല്ലാം!) ഇതിന്റെ തിരോഭാവത്തിൽ എന്തിന്നു ദുഃഖിയ്ക്കുന്നു?"

Digitized By Kerala Sahitya Akademi

നിത്യമായനന്തമാം
രജനിനീരാഴിയി_
ലുത്ഥിതമാകുമൊരു
വെൺപതയാണിപ്പകൽ.”

---

പിതൃദുഃഖം=അച്ഛൻെറ (പകലിൻെറ)മരണത്താലുള്ള ദുഃഖം.
ചെന്താർമൈ__സന്ധ്യയുടെ വർണ്ണം പാടലമാണല്ലോ.

Digitized By Kerala Sahitya Akademi

# "പാടുക പാടുക"

(പാന)

1. പാട്ടു പാടുക, പാടുക, കീചക–
ശ്രേഷ്ഠ:–നിർവൃതിക്കൊള്ളട്ടെയിജ്ജനം.
പച്ചയാമിലച്ചാർത്തിനാൽ വാനിനെ
സ്വച്ഛതയ്ക്കായ് ത്തുടപ്പാൻ തുനിഞ്ഞ നീ,
വേലിയാം പൈതൽ കെട്ടിപ്പിടിച്ചുള്ള
കാലുമായെ,ൻ പറമ്പിൻെറ കോണിതിൽ,
പൊക്കമൊന്നൊരു ഗാരുത്മതോപല–
ത്തുക്കൊടിമരംപോലെ വിളങ്ങുന്നു.
പാട്ടു പാടുക, പാടുക, കീചക–
ശ്രേഷ്ഠ, നിർവൃതിക്കൊള്ളട്ടെയിജ്ജനം.

---

1111 കന്നിയിൽ എഴുതിയത്:—

1. കീചകം=തുമ്പി തുളച്ച മുള. കാററൂതുമ്പോഠം ഇത്തരം മുള നിരന്തരമായി മൂളിക്കൊണ്ടിരിയ്ക്കുമല്ലോ—ഇതിനെ പാട്ടായി കല്പിച്ചിരിയ്ക്കുന്നു. പച്ചയാമില..............നീ—മുളയുടെ പൊക്കം ധ്വനിയ്ക്കുന്നു. വേലിയാം........കോണിതിൽ=മൂക്കിൽ നില്ക്കുന്ന മുളവേലിയാൽ ചുററപ്പെട്ടതിനെ ബാലാശ്ലേഷമായി കല്പിച്ചിരിയ്ക്കുന്നു. ഗാരുത്മതോപലം=ഇന്ദ്രനീലക്കല്ല്. പാട്ടുപാടുക........യിജ്ജനം—ഈയുള്ളവനെ ആനന്ദനിർവൃതി കൊള്ളിയ്ക്കുമാറു നീ നിർത്താതെ പാടിയാലും!

Digitized By Kerala Sahitya Akademi

2. സൃഷ്ടിതന്നരിമാവുകൊണ്ടുള്ളൊരു
ചുട്ടി നെററിമേൽ മിന്നുമെൻ പയ്യിതാ—
വായിൽനിന്നു പകുതി ചവച്ചതാം
വാരിളംപുല്ലു ഞാന്ന മുഖം പൊക്കി,
നിശ്ചലം ചെവി കൂർമ്പിച്ചു, നിന്നിൽനി-
ന്നുച്ചലിച്ച കുഴലൂത്തു കേഠംക്കവാൻ.
പണ്ടു പാവനവൃന്ദാവനംതന്നിൽ-
ക്കൊണ്ടൽവർണ്ണൻെറയോടക്കുഴൽവിളി—

---

2. സൃഷ്ടി........പയ്യിതാ—കഥകളിവേഷത്തിന്ന് അരിമാവുകൊണ്ടു മുഖത്തു ചുട്ടികുത്താറുണ്ടല്ലോ. അതുപോലെ പയ്യിൻെറ നെററിമേൽ സൃഷ്ടിതന്നെ അതിൻെറ അരിമാവുകൊണ്ട് ഒരു ചുട്ടി (വെളുത്ത നിറത്തിൽ ഒരു ഗോപിയടയാളം) കുത്തിയിരിയ്ക്കുന്നു. വായിൽനിന്നു പകുതി........കുഴലൂത്തു കേഠംക്കവാൻ—എന്ന നാലു വരികളാൽ, പാട്ടു കേഠംക്കാനായി നില്ക്കുന്ന പയ്യിൻെറ ദത്താവധാനതയെ വ്യഞ്ജിപ്പിയ്ക്കുന്നു. ആ കീചകത്തിൽനിന്നു പുറപ്പെട്ടിരുന്ന ഗാനം അത്രമേൽ ഹൃദയഹാരിയായിരുന്നുവെന്നു താല്പര്യം. ഉച്ചലിച്ച=പുറപ്പെട്ട. ഉദ്യദോം........ദ്രവം=വെളിയിൽ പുറപ്പെട്ടുന്ന ഓംകാര(പ്രണവ)മാകുന്ന പുഷ്പത്തിൻെറ തേൻ. പണ്ടു പാവനമായ വൃന്ദാവനത്തിൽനിന്നു ലോകത്തെ എമ്പാടും നിർവൃതിപുളകിതമാക്കമാറ് പ്രവഹിച്ച കൊണ്ടൽവർണ്ണൻെറ വേണുഗാനം—പ്രണവപുഷ്പത്തിൻെറ മാധുര്യ്യമോലുന്ന മധുദ്രവം—ജീവജാലങ്ങളെയെല്ലാം സാർവ്വലൌകികപ്രേമത്തിൻെറ ആലിംഗനത്തിലേയ്ക്കു ഹഠാദാകർഷിയ്ക്കുമാറുള്ള ആ സംഗീതസന്ദേശം—സംപൂർണ്ണമായ സംതൃപ്തി കൈവരുംവണ്ണം നുകർന്നിരുന്നവരാണ് ഈ ദേവിയുടെ—പയ്യിൻെറ—മുതു മുത്തശ്ശിമാർ പലരും! ആ വംശപാരമ്പര്യ്യ

Digitized By Kerala Sahitya Akademi

ഉദ്യദോംകാരപുഷ്പമധുദ്രവ,-
മുത്തമപ്രേമസംഗീതസന്ദേശം —
ആവതോളം നുകന്നിരുന്നോരാണി-
ദ്ദേവിതൻ മുത്തുമുത്തശ്ശിമാർ പലർ!

3. അത്ഥചിന്ത നില്ക്കട്ടെ: നിൻഗീതത്തിൻ
ശബ്ദഭംഗിയാൽത്തന്നെയാകൃഷ്ടയായ്
പാശ്ചസംസ്ഥയാം വംശലതയിതാ,
ചായ്ചുകൊള്ളുന്നു തൻതല നിന്മാറിൽ.
വെള്ളിനേരൊളിപ്പൂക്കൾകൊണ്ടൊട്ടൊട്ടു
വെള്ളരിയേന്തി നില്ക്കുന്നു തുമ്പകൾ;

---

മുള്ള ഈ പശു ആ അബോധസംസ്കാരത്താൽ ആ ഗാനത്തെ മോഹിച്ചായിരിക്കാം, നിൻെറ ഈ ഗാനത്തിന്ന് ഇതാ, സശ്രദ്ധം ചെവികൊടുത്തുനില്ക്കുന്നു. ദേവി എന്ന പദം ബഹുമാനസൂചകം. പൈക്കളെ ആരാധിക്കുന്നവരാണ് ഹിന്ദുക്കൾ. വേണുഗാനത്തെ ഓംകാരപുഷ്പത്തിൻെറ മധുവായും, ഉത്തമപ്രേമസംഗീതസന്ദേശമായും അധ്യവസായം ചെയ്തിരിക്കുന്നു.

3. അത്ഥചിന്ത നില്ക്കട്ടെ—ആളുകൾ ആക്ഷേപം പുറപ്പെടുവിച്ചേയ്ക്കാം. "നിരത്ഥകമായ ഈ ഗാനം കേട്ടിട്ടെന്താണ് കായ്യം?" കവിയുടെ സമാധാനമിതാണ്: ഈ ഗാനത്തിൻെറ ശബ്ദമാധുയ്യംകൊണ്ടുതന്നെ മനം കുളിത്ത് അടുത്തുനില്ക്കുന്ന വംശലത (മുളവള്ളി) ഇതാ, പ്രിയതമകണക്കെ തൻെറ തല മുളയുടെ മാറിലണയ്ക്കുന്നു. ഇതിൽപ്പരമെന്തുവേണം ഗാനത്തിൻെറ മാധുയ്യം വെളിപ്പെടുത്താൻ? പാശ്ചസംസ്ഥ=അടുത്തു നില്ക്കുന്നവൾ. സ്ത്രീലിംഗശബ്ദപ്രയോഗം സ്ത്രീത്വത്തെ ദ്യോതിപ്പിക്കുന്നു. പറയത്തക്ക

Digitized By Kerala Sahitya Akademi

കത്തിച്ച തിരികൊണ്ടു നീരാജന-
കൃത്യവും തവ ചെയ്വു മുക്കാററികൾ.
ഹന്ത, നീ തലയാട്ടിക്കൊൾകാ,ട്ടിക്കൊൾ-
കെ,ന്തിതിൽപ്പരം കിട്ടേണ്ടു സൌഭാഗ്യം!

4. വെണ്ണക, സഖേ, നിന്നുള്ള പൊള്ളയെ-
ന്നാണു കേൾവി;യതോതുന്നു ചൊൽവു ഞാൻ:

---

ആശയഗ്രഹണം കൂടാതെ, ശബ്ദങ്ങളുടെ ചെപ്പടിവിദ്യ മാത്രമുള്ള കാവ്യങ്ങളെക്കുറിച്ചുള്ള പരിഹാസം ധ്വനിയ്ക്കുന്നു. ഇത്തരം കാവ്യങ്ങൾ കൊണ്ടാടപ്പെടാതെ പോകുമല്ലോ എന്നു വിഷാദിയ്ക്കേണ്ടതുമില്ല. അവയെ ഉപചരിയ്ക്കാനായി തുമ്പകൾ വെള്ളിനേരൊളി(വെള്ളിനിറത്തിലുള്ള)പ്പൂക്കളാകുന്ന വെളുത്ത അരിയുമേന്തി നില്ക്കുന്നുണ്ട്. മുക്കുററികളാകട്ടെ, അങ്ങയ്ക്കു് നീരാജന (ഉഴിച്ചൽ) കൃത്യവും ചെയ്യുന്നുണ്ട്. (അഷ്ടമംഗല്യത്തോടുകൂടിയ എതിരേല്പിനെ അനുസ്മരിയ്ക്കുക.) മുക്കുററിയുടെ നീണ്ട തണ്ടിന്മേലുള്ള പൂവിനു കത്തിച്ച തിരിയുടെ സാമ്യമുണ്ടല്ലോ. ഹന്ത............സൌഭാഗ്യം—മുള കാററത്തു നിന്നാടുന്നതു കണ്ടാൽ, മററുള്ളവർതന്നെ ശ്ലാഘിയ്ക്കുന്നുണ്ടെന്നറിഞ്ഞതിലുള്ള സന്തോഷമാണ് അങ്ങിനെ തലയാട്ടാൻ അതിനെ പ്രേരിപ്പിയ്ക്കുന്നതെന്നുതോന്നും.

4. വെണ്ണകൻ=ഓടക്കുഴൽ വിളിയ്ക്കുന്നവൻ. കവി ഒരു യാഥാർത്ഥ്യം തുറന്നു പറയാൻ കീചകത്തോടു തഞ്ചത്തിൽ സൌഹാർദ്ദം കൊള്ളുന്നു. സഖേ, എന്ന സംബോധന സൌഹാർദ്ദസൂചകം. കാര്യം വാസ്തവമാണെങ്കിലും, അതു മുഷിപ്പിയ്ക്കുന്ന ഒന്നാവുമ്പോൾ, പറയുന്നതിന്നു ചില തഞ്ചങ്ങളുണ്ടല്ലോ. ഇജ്ജയശ്രീ.... ....ഹ്ലാദം=ഈ ജയശ്രീയുടെ ആശ്ലേഷത്തിൽനിന്നുളവായ ആഹ്ലാ

Digitized By Kerala Sahitya Akademi

ഇജ്ജയശ്രീസമാശ്ലേഷണാഹ്ലാദ-
മുജ്ജ്വലാഹന്തനാക്കരുതങ്ങയെ;
എങ്ങൊരൊച്ച തേ; ദൃശ്യനല്ലാത്തൊരു
സംഗഹീനനിവണ്ണമുറംപ്പൂകാഴ്ചിൽ?
പാട്ടു പാടുക, പാടുക, കീചക-
ശ്രേഷ്ഠ, നിർവൃതിക്കൊള്ളട്ടെയിജ്ജനം.

---

ദം; തന്റെ പാട്ടിനെ വംശലതയും മററം അഭിനന്ദിച്ചതുതന്നെ വിജയം. ഉജ്ജ്വലാഹന്തൻ=കത്തുന്ന(എരിയുന്ന)അഹംഭാവത്തോടുകൂടിയവൻ. സംഗഹീനൻ—കാററ് എന്നു സാരം. ഇതങ്ങയെ വലിയ അഹംഭാവിയാക്കരുത്; കാരണം ഈ ഗാനത്തിന്റെ ഉടമസ്ഥൻ വാസ്തവത്തിൽ ആ (കണ്ണുകൊണ്ടു കാണാവതല്ലാത്ത) കാററാണല്ലോ. അപ്പോഠം, സ്വന്തം പരിശ്രമമോ വൈദഗ്ധ്യമോ ഇതിൽ അത്രയൊന്നുമില്ലെന്നത്ഥം. അതിനാൽ സ്വന്തം പരിശ്രമവും വിവേചനബുദ്ധിയും ഉപയോഗിച്ച് ഇതിനെ കൂടുതൽ അത്ഥഗൌരവവും പ്രയോജനകരത്വവും ഉള്ളതാക്കിത്തീക്കാൻ ശ്രമിയ്ക്കണമെന്നു വ്യംഗ്യഭംഗ്യാ പറയുന്നു. ആ താക്കീതോടുകൂടി വീണ്ടും അതിനെ പ്രോത്സാഹിപ്പിയ്ക്കാനാണ്, ഒടുവിലത്തെ 'പാട്ടു പാടുക' എന്ന ഈരടിയുടെ ആവത്തനം.

---

Digitized By Kerala Sahitya Akademi

# മിന്നുന്നതൊക്കെപ്പൊന്നല്ല

(കേക)

1. എന്മിഴി ചോദിയ്ക്കുയായ്
വെൺമുകിൽപ്പടലത്താൽ-
ക്കമ്മായമിടപ്പെട്ട
നാകവീഥിയിലൂടെ
ഉരുണ്ടുപോകുന്നതെ-
ന്ത്യമരക്കിടാങ്ങളി-
ലൊരുവൻ കാൽകൊണ്ടിട്ടു
തട്ടിയ പൊന്നിൻപന്തോ?
ചരമാബ്ധിയിൽ മുങ്ങി-
പ്പോയ സൂര്യങ്കൽച്ചേരാൻ
പരമോത്സുകമായ
തദ്രശ്മികളിലൊന്നോ
പാഞ്ഞുപോവതു പടി-
ഞ്ഞാറുഭാഗത്തെയ്ക്കു?-ങ്കിൽ-

---

1107 മേടത്തിൽ എഴുതിയതു്:—

1. ആകാശത്തുനിന്നു് ഒരു നക്ഷത്രം വീഴുന്നതു കണ്ടിട്ടു്. നാകവീഥി=നഭോമാർഗ്ഗം. അമരക്കിടാങ്ങൾ=ദേവന്മാരുടെ പൈതങ്ങൾ. നക്ഷത്രം വീഴുന്നതിനെ, ഏതോ ഒരു ദേവബാലൻ കാൽകൊണ്ടിട്ടു തട്ടിയ പൊന്നിൻപന്തായി ഉൽപ്രേക്ഷിച്ചിരിയ്ക്കുന്നു. അഥവാ, ചരമാബ്ധി=(പശ്ചിമസമുദ്രത്തിൽ)യിൽ ആണ്ടുപോയ സൂര്യനോടുകൂടിച്ചേരാൻ പരമൌത്സുക്യത്തോടെ വെമ്പിപ്പോകുന്ന

Digitized By Kerala Sahitya Akademi

പ്പാറൊലാ വിഘ്നം ഭര്‍ത്തൃ–
പ്രേമമേ, നിന്‍പന്ഥാവില്‍!

2. ഒട്ടേറെത്തെളിരത്നം
പതിച്ചിട്ടുള്ളാകാശ–
ത്തട്ടില്‍നിന്നൊന്നൊവ്വണ്ണ–
മിന്നന്തിയ്ക്കടര്‍ന്നുപോയ്?—
മാറാലവലയ്ക്കൊപ്പം
നേരിയ നഭോവസ്ത്രം
ദൂരത്തുവിരിച്ചതില്‍,
ക്ഷോണിയ്ക്ക രാക്കൊള്ളയ്ക്കായ്
ആരെന്നോ നിരത്തിയ
സദ്രത്നങ്ങളിലൊന്നു
ചോരാനെന്തി,രിപ്പിടം
ചിക്കെന്നു കിറിപ്പോയോ?

---

ത്രശ്മി (അവന്‍റെ രശ്മി)കളിലൊന്നായിരിയ്ക്കുമോ—അങ്ങിനെയാണെങ്കില്‍ അതു വേഗം പൊയ്ക്കൊള്ളട്ടെ. ഭര്‍ത്തൃപ്രേമത്തിന്‍റെ വഴിയില്‍ യാതൊരു പ്രതിബന്ധവും വിലങ്ങടിച്ചു നില്ക്കാതിരിയ്ക്കട്ടെ!

2. ഒട്ടേറെത്തെളിരത്നം—എണ്ണമററ നക്ഷത്രങ്ങള്‍. ആര്‍ എന്നോ നിരത്തിയ—ആരാണ്, എപ്പോഴാണ് നിരത്തിയത് എന്നതജ്ഞാതമാണെന്നര്‍ത്ഥം. മാറാലവലയ്ക്കൊപ്പം—ആകാശമാകുന്ന വിരിപ്പ്. അത്രയും നേരിയതല്ലെങ്കില്‍, അതിന്മേല്‍ നിരത്തിയ രത്നങ്ങളെ ഭൂവാസികള്‍ കാണുകയില്ലല്ലോ. നിഷ്പന്ദം=യാതൊരു ചാഞ്ചല്യവുംകൂടാതെ. രത്നഹാരികള്‍=രത്ന(ശ്രേഷ്ഠപദാര്‍ത്ഥ)ങ്ങളെ കയ്യടക്കുന്നവര്‍. അങ്ങിനെ ആകാശത്തുനിന്നു നക്ഷത്രങ്ങള്‍ വീഴുന്നുണ്ടെന്നു കണ്ടാല്‍, ആ രത്നങ്ങളെ കയ്യിലാക്കാന്‍ അനങ്ങാതെ

Digitized By Kerala Sahitya Akademi

നിഷ്ഠുമ്പമിതിൻ താഴേ
    കൈക്കടനാഴം കാട്ടി
നില്ക്കുവാറാണ്ടാം ചില
    രത്നാഹാരികരം പാരിൽ.
ആ വിശപ്പംവിഴങ്ങികരം
    തമ്മുടെ വിശപ്പിനൊ-
ന്നാവുന്നൊ വസുധതൻ
    തുച്ഛമാം വിഭവത്താൽ?
മേൽവശത്തെയ്ക്കാണിന്ന-
    ക്കൂട്ടർതൻ നോട്ടം; ദ്യോവേ!
പോവാതെ സംരക്ഷിച്ചു-
    കൊരംക നിൻ സമ്പത്തെല്ലാം!

---

മേല്പോട്ടു നോക്കി നില്ക്കുന്ന ചില രത്നാഹാരികളുണ്ട് ഈ ഭൂമിയിൽ. കാരണം ആ വിശപ്പാ.....വിഭവത്താൽ?—ലോകത്തെ മുഴവൻതന്നെ വിഴങ്ങാൻ നോക്കുന്ന ആ ധനക്കൊതിയന്മാരുടെ വിശപ്പിന്ന് (ഭൂരക്ക്) ഈ വസുധ (=ഭൂമി)യിലെ നിസ്സാരവിഭവങ്ങളുണ്ടോ മതിയാവുന്നു? വിശപ്പം വിഴങ്ങികരം—ലോകം മുഴവൻ തങ്ങളുടെ മുതൽക്കൂട്ടിലാക്കാൻ വെമ്പുന്നവർ—ഇന്നത്തെ മുതലാളിത്തത്തെ സ്മരിയ്ക്കുക. മേൽവശ........നോട്ടം.—അക്കൂട്ടർ ഈ ഭൂമിയെയൊക്കെ കയ്യടക്കിയിട്ടു മതിവരായ്കയാൽ മേല്പോട്ടു നോക്കാൻ തുടങ്ങിയിരിയ്ക്കുന്നു. അതിനാൽ ഹേ ദ്യോവേ(=ആകാശമേ), നീ നിന്റെ സമ്പത്തെല്ലാം നല്ലവണ്ണം സൂക്ഷിച്ചുകൊരംക; ഇല്ലെങ്കിൽ ഇക്കൂട്ടർ തട്ടിക്കൊണ്ടുപോയ്ക്കളയും എന്നു താക്കീതുചെയ്യുന്നു. ചിലർ ഭൂമിയിലെ വിഭവങ്ങളെല്ലാം അനാവശ്യമായി കയ്യടക്കിവെച്ചിരിയ്ക്കുന്ന സമ്പ്രദായത്തെക്കുറിച്ചുള്ള പരിഹാസം വ്യഞ്ജിയ്ക്കുന്നു.



Digitized By Kerala Sahitya Akademi

3. രാതോറും ത്വദൌന്മുഖ്യം
പൂണ്ടു പുഞ്ചിരിക്കൊള്ളും
നൈതൽപ്പൂക്കളിലൊന്നിൽ–
ച്ചേൎന്നു നിൻമനസ്സെന്നാം;
ധന്യയാമവളെപ്പേ–
ൎത്തുല്ലസിപ്പിപ്പാനാമോ,
മന്നിലേയ്ക്കോടിപ്പോരു–
ന്നതു നീ നക്ഷത്രമേ!

4. താരങ്ങളറിഞ്ഞീലേ
കൂട്ടത്തിലൊന്നിൻ നാശം?
ചോരുന്നീലനക്കം ചെററി–
പ്പൊഴും ദേവാധ്വാവിൽ;

---

3. രാതോറും=ഓരോ രാത്രിയിലും. ത്വദൌന്മുഖ്യം=നിൻെറ നേക്കുള്ള നോട്ടം. പ്രശാന്തങ്ങളായ രാത്രികളിൽ നിൻെറ നേരെ നോക്കി പുഞ്ചിരിക്കൊള്ളുന്ന (വികസിയ്ക്കുന്ന) ഒരു നൈതൽപ്പൂവിൽ നിൻെറ മനസ്സു പററിച്ചേൎന്നിട്ടുണ്ടാകാം. ആ ധന്യയെ ഉല്ലസിപ്പിക്കാനായിരിയ്ക്കാം—തൻെറ പേരിൽ ഇത്രയും പ്രേമം പ്രകടിപ്പിച്ച അവളെ ലാളിക്കണമല്ലോ—നീ ഈ ഭൂമിയിലേയ്ക്കോടിപ്പോരുന്നതു്. നൈതൽപ്പൂവിനെ കാമുകിയാക്കിയും നക്ഷത്രത്തെ കാമുകനാക്കിയും കല്പിച്ചിരിയ്ക്കുന്നു. നൈതൽപ്പൂവിനെ ധന്യ എന്നു വിശേഷിപ്പിച്ചതുകൊണ്ടു് ഉന്നതസ്ഥാനസ്ഥനായ നക്ഷത്രമാകുന്ന പുരുഷനിൽ അവൾക്കു് അനുരാഗമുണ്ടായതിൻെറ ഔചിത്യം ധ്വനിയ്ക്കുന്നു.

4. ദേവാധ്വാവ്=ആകാശം. താരങ്ങളറിഞ്ഞീലേ.......... ദേവാധ്വാവിൽ—അങ്ങിനെ കൂട്ടത്തിലൊന്നിൻെറ നാശം അറി

Digitized By Kerala Sahitya Akademi

ഇടിവേററധോഗതി_
    പൂകിന നിർഭാഗ്യനെ_
പ്പിടിച്ചുനിർത്താനായി_
    ക്കൈ നീട്ടിയില്ലങ്ങാരും.
പതിതൻ പതിയ്ക്കട്ടേ:
    ചുവട്ടിൽച്ചിലർ വേണം,
പതിവായ് നിൻതേജസ്സിൽ_
    പ്പകയ്ക്കാനൌന്നത്യമേ!
അഥവാ കാലാധീന,_
    മവതൻ നിലനില്പം;
അവശനവശനാ_
    ലെന്തു സാഹായ്യം കിട്ടും?

---

ഞ്ഞിരുന്നെങ്കിൽ അവ അനങ്ങാതെ നില്ക്കുമോ? സ്ഥാനഭ്രംശംവന്നു് അധോഗതിയ്ക്കു വിധേയനായ ഈ നിർഭാഗ്യനെ തുണയ്ക്കാൻ ഒരാളും ഹസ്തം നീട്ടിയില്ല. ഇങ്ങിനെയാണു് ലോകം പതിതൻ.... ഔന്നത്യമേ—പതിതൻ അധഃപതിച്ചുകൊള്ളട്ടെ. കാരണം, ചുവട്ടിൽച്ചിലരുണ്ടായില്ലെങ്കിൽപ്പിന്നെ, മുകളിലിരുന്നു ഞെളിയാൻ ചിലക്കു കഴിയില്ലല്ലോ! പക്ഷേ, ഒരു വസ്തുത ഇവരാരും മനസ്സിലാക്കുന്നതായിത്തോന്നുന്നില്ല. അഥവാ........നിലനിൽപും കാലത്തിന്നു വിധേയമാണു്.

"കാലമതിൻെറ കനത്തകരംകൊണ്ടു
ലീലയാലൊന്നു പിടിച്ചു കുലുക്കിയാൽ
പാറടേ പതറിക്കൊഴിഞ്ഞുപോം ബ്രഹ്മാണ്ഡ_
പാദപപ്പൂക്കളാം താരങ്ങൾകൂടിയും!"

കവിയുടെ 'ഇന്ദ്രനും മാബലിയും' എന്നതിലെ ഈ നാലു വരികൾ നോക്കുക.

Digitized By Kerala Sahitya Akademi

5. ദൂരസ്ഥമാമെൻ ദൃഷ്ടി-
യ്ക്കാപ്പാഞ്ഞ തേജഃഖണ്ഡം,
മാരുതൻ പറപ്പിച്ച
ചമ്പകപ്പൂവായ്ത്തോന്നി;
നേരോർത്താൽപ്പെരും ദീപ്ര-
ഗോളമൊന്നാവാമത്;
പാരാതെ വെണ്ണീറാകാം
തൽസ്പർശമാത്രത്താലേ.
മേദുരംതാനെന്നാലു,-
മുന്നതസ്ഥാനഭ്രംശ-
ഖേദേന കാണെക്കാണെ-
ച്ചുടച്ചാ ജ്യോതിസ്സത്തം
പുല്ക്കാട്ടിൽ വല്ലേടത്തും
വീണാ ഖദ്യോതശ്രേണി-
യ്ക്കൊക്കുന്നോരതിഥിയായ്-
ച്ചമഞ്ഞതാണെന്നോ വത്സ്ര.

---

അവശ....കിട്ടും—തങ്ങാംതന്നെ അവശരായ സ്ഥിതിയ്ക്ക്—അസ്വതന്ത്രരായിരിയ്ക്കെ—മററുള്ള അവശരെ എങ്ങിനെ സഹായിയ്ക്കും?

5. തേജഃഖണ്ഡം....തോന്നി—നക്ഷത്രത്തിൻെറ പൊന്നൊളിയ്ക്കും ചമ്പകപ്പൂവിൻെറ വർണ്ണത്തിനും തമ്മിൽ സാമ്യമുണ്ടല്ലോ. ദീപ്രം=കണ്ണഞ്ചിയ്ക്കുന്ന പ്രഭയോടുകൂടിയത്. മേദുരം=തടിച്ചത് (വലിയത്.) ഉന്നതസ്ഥാനഭ്രംശഖേദേന=ഉന്നതസ്ഥാനത്തുനിന്നു ഭ്രംശിച്ചതിലുള്ള ഖേദംമൂലം. ഖദ്യോതശ്രേണി=മിന്നാമിനുങ്ങിൻ കൂട്ടം. ഒക്കുന്ന=അനുരൂപനായ. ഉയൎന്ന നിലയിലായിരുന്നുവല്ലോ, ഈ ജ്യോതിസ്സ്. അതിതാ, പെട്ടെന്നു മിന്നാമിനുങ്ങുകളുടെ ഇടയിലേയ്ക്ക് അധഃപതിച്ചു!

Digitized By Kerala Sahitya Akademi

6. മാനുഷ്യ, പോരും പോരു–
    മുദ്ഗതിപ്രയത്നങ്ങൾ
വാനത്തു വാഴും ജ്യോതി–
    ർഗ്ഗവുമൊരുനാളിൽ
ഈയുലകിലെ മിന്നാ–
    മിനുങ്ങക്കൂട്ടത്തിലേ–
യ്ക്കായധഃപതിച്ചുപോ–
    മെന്നാല്ലി കണ്ടു താങ്കൾ?
തൻതി കെട്ടൊരു കരി–
    ക്കട്ടയായിട്ടാണെന്തോ
ഹന്ത, പോയ്പ്പതിച്ചത–
    ത്താരകമെന്നും വരാം;

---

6. ഉദ്ഗതിപ്രയത്നം=മേല്പോട്ടു പോകാനുള്ള പരിശ്രമം. മാനുഷ....താങ്കൾ—ഹേ മനുഷ്യ, മേല്പോട്ടു മേല്പോട്ടു പോകാനുള്ള നിന്റെ പ്രയത്നം മതിയാക്കുക. കാരണം, ആകാശത്തിൽ മേന്മയോടെ മിന്നിത്തിളങ്ങിയിരുന്ന നക്ഷത്രക്കൂട്ടവും ഈ ഭൂമിയിലെ മിന്നാമിനുങ്ങിൻകൂട്ടത്തിലേയ്ക്ക് അധഃപതിച്ചുപോകുമെന്നു താങ്കൾ കണ്ടുവല്ലോ! മിന്നാമിനുങ്ങായിട്ടല്ലെങ്കിൽ തീ കെട്ടടങ്ങിയ ഒരു കരിക്കട്ടയായിട്ടാണ് ആ നക്ഷത്രം ഭൂമിയിൽ പതിച്ചതെന്നും വരാം. ഹന്ത—നക്ഷത്രത്തിന്റെ സ്ഥാനഭ്രംശത്തിലുള്ള വിഷാദം വ്യഞ്ജിപ്പിക്കുന്നു. അങ്ങിനെയാണെങ്കിൽ (കരിക്കട്ടയാണ് പതിക്കുന്നതെങ്കിൽ) ഈ ലോകത്തിന്റെ ക്രിയാദാക്ഷ്യം (കർമ്മവൈദഗ്ദ്ധ്യം) കൊണ്ട് വൈരക്കല്ലായിത്തീർന്ന് ഇളാതാര (ഭൂമിയിലെ നക്ഷത്ര)മെന്ന പ്രസിദ്ധി നേടാം. ശില്പികൌശലം കരിക്കട്ടയെ വൈരക്കല്ലാക്കിത്തീർക്കുന്നു. വൈരക്കല്ലിന്നും നക്ഷത്രത്തിന്നും പ്രഭാസാ

Digitized By Kerala Sahitya Akademi

എങ്കിലോ, വീണ്ടും വൈര-
കല്ലായിട്ടില്ലാതാര-
മെന്ന പേർ നേടാമതി-
ന്നി,പ്പാരിൻ ക്രിയാദാക്ഷ്യാൽ.
അതിരിയ്ക്കട്ടേ: വാന-
ത്തിവ്വണ്ണമല്ലിൽക്കമ്ര-
ദ്യുതിയായ് ക്കാണാകുന്ന
കാഞ്ചനത്തുട്ടോരോന്നും,
മന്നിപ്പാർക്കറിയാം, കാ-
രിരുമ്പിൻ തുണ്ടല്ലെന്നായ്?
"മിന്നുന്നതൊക്കെപ്പൊന്ന-
ല്ലെ"ന്നുമുണ്ടല്ലോ കേൾപ്പു

---

മുമുണ്ടല്ലോ. അതിരിയ്ക്കട്ടെ—കരിക്കട്ടയായി അധഃപതിച്ച നക്ഷത്രത്തിന്ന് വൈരക്കല്ലായിത്തീരാമെന്ന കാര്യം പോകട്ടെ. വാനത്തി.....കേൾപ്പൂ—രാത്രിയിൽ ആകാശത്ത് കമ്രദ്യുതിയായി(മനോഹരപ്രഭയോടുകൂടി)കാണുന്ന ഓരോ കാഞ്ചനത്തുട്ടും—നക്ഷത്രവും—കാരിരിമ്പിൻകഷ്ണമല്ലെന്നു് ഈ ഭൂമിയിൽ ആർക്കാണറിയാത്തത്? എന്നല്ല, മിന്നുന്നതെല്ലാം പൊന്നല്ലെന്നു ഒരു ചൊല്ലുമുണ്ടല്ലോ.

Digitized By Kerala Sahitya Akademi

# ബുഭുക്ഷ

(മഞ്ജരി)

1. എന്നൊട്ടുമാവേ, നിൻതാഴത്തെക്കൊമ്പുക-
ളന്യൂനവാസന്തച്ചടിനാലേ
എന്താസ്വദിയ്ക്കുവാനാണീ നിലത്തെയ്ക്കു
ചെന്തളിർനാവുകൾ നീട്ടി നില്പൂ!
മീതേ ശുകാഭമാം പത്രൌഘം; താഴത്തോ,
ചൂതമേ, പാടലപല്ലവൌഘം;
നേർക്കിറയത്തു ചെമ്പട്ടുമറശ്ശീല
തൂക്കിയ പച്ചപ്പൂമേടയായ് നീ.

2. വന്നു വസന്തം, മുട്ടപ്പിയ്ക്കയും ചെയ്തു
സുന്ദരച്ചെങ്കുരുന്നാട നിന്നെ;

---

1109 മീനത്തിൽ എഴുതിയത്.

1. അന്യൂനവാസന്തച്ചൂട്=കുറച്ചല്ലാത്ത (വർദ്ധിച്ച)വസന്തകാലച്ചൂട്. സ്വതേ ഉയരം കുറഞ്ഞ ഒട്ടുമാവിന്റെ താഴത്തെക്കൊമ്പുകളിൽ തൂങ്ങിനില്ക്കുന്ന ചെന്തളിരുകളെ നാവുകളായി അധ്യവസായം ചെയ്തിരിയ്ക്കുന്നു. ആസ്വദിയ്ക്കുക=നുകരുക; ദാഹംതീർപ്പാൻ വെള്ളം കുടിയ്ക്കുക. ശുകാഭം=തത്ത(പച്ച)നിറത്തിലുള്ളത് പത്രൌഘം=ഇലകളുടെ കൂട്ടം. ചൂതം=മാവ്. പാടലപല്ലവൌഘം=ചെന്തളിർക്കൂട്ടം. നേക്ക്=ശരിക്ക് വെളിയട=മറശ്ശീല. മുകളിൽ തത്തനിറത്തിലുള്ള പത്രൌഘത്താലാവൃതമായും, താഴത്ത് ചെന്തളിർക്കൂട്ടത്താൽ ആച്ഛാദിതമായുമുള്ള ആ ഒട്ടുമാവിനു് ഇറയത്തു ചുകന്ന മറശ്ശീല തൂക്കിയ ഒരു പച്ചപ്പൂമേടയുടെ ഛായയുണ്ടു്.

Digitized By Kerala Sahitya Akademi

എന്നാലിതൊന്നുമറിഞ്ഞില്ല, മാകന്ദ-
വൃന്ദപ്രിയങ്ങൾ പികങ്ങളെന്നോ?
വ്യർത്ഥമിസ്സമ്പത്തു: കാണ്മില്ല, കേൾക്കനീ-
ല്ല,ത്രഭചാങ്കലൊരാൺകുയിലും
പല്ലവമെങ്ങാനും കൊത്തിത്തിന്നുന്നതോ,
പഞ്ചമരാഗത്തിൽപ്പാടുന്നതോ.
“നാനാവിധങ്ങളാം തീക്ഷ്ണാപശബ്ദങ്ങൾ
നാൾതോറുമേറുന്നു നാട്ടിലെങ്ങും;
നാമിനി മൌനമേ കൊൾകെ”ന്നുറച്ചിതോ,
കോമളകണ്ഠരാം കോകിലങ്ങൾ!

---

2. സുന്ദരച്ചെംകരുന്നാട=ഭംഗിയുള്ള ചെന്തളിർവസ്ത്രം. മാകന്ദവൃന്ദപ്രിയങ്ങൾ=തേന്മാവിൻകൂട്ടങ്ങളിൽ പ്രിയമുള്ളവ. ചെന്തളിരുകളാലാച്ഛാദിതമായ മാവു കണ്ടാൽ വസന്തത്താൽ ചെംകരുന്നാടയുടുപ്പിക്കപ്പെട്ടതാണെന്നു തോന്നും. പക്ഷേ, അത്ഭുതമെന്നേ വേണ്ടു, മാന്തളിർക്കൊതിയന്മാരായ കുയിലുകൾ ഇതറിഞ്ഞില്ലെന്നോ! വ്യർത്ഥമിസ്സമ്പത്ത്—ഈ സമ്പത്തു വെറുതെതന്നെ; കാരണം, ഇതനുഭവിക്കേണ്ടതാരോ, ആ ആൺകുയിൽ ചെന്തളിർ കൊത്തിത്തിന്നുന്നതോ, പഞ്ചമരാഗാലാപം ചെയ്യുന്നതോ, കാണാനുമില്ല, കേൾക്കാനുമില്ല. സമ്പത്ത് അനുഭവിക്കാനര്‍ഹതയുള്ളവരാൽ ശരിക്കു് ഉപഭോഗിക്കപ്പെടുന്നില്ലെങ്കിൽ, മറെറന്തുവേണം അതു വ്യർത്ഥമാവാൻ? അഥവാ, മറെറാന്നാവാം ഇതിൻെറ അർത്ഥം: “നാട്ടിലെല്ലായിടത്തും പലതരം തീക്ഷ്ണങ്ങളായ അപശബ്ദങ്ങൾ ഏറിയേറിവരുന്നു; അതിനാൽ നാമൊക്കെ ഇനി മൌനം ഭജിക്കുകയാണ് ഭേദം”, എന്നിങ്ങിനെ വിചാരിക്കയാവാം, കോമളകണ്ഠരായ കോകിലങ്ങൾ!—കലാശില്പവും മാധുര്യവുമില്ലാത്ത പദ്യകാവ്യങ്ങളുടേയും സംഗീതത്തിൻെറയും പ്രചാരത്തെ വ്യഞ്ജിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

3. ആകട്ടെ, കോകിലത്തിന്നു നിൻ പല്ലവ-
മാസ്വാദ്യമല്ലാതായ്ത്തീന്നിരിയ്ക്കാം;
കോകിലംപോലെ കറുപ്പാണൊരാടിതാ,
പൈ കലർന്നാടിയെത്തുന്നു നിങ്കൽ.
മണ്ടിവരുമിതിൻ ചുണ്ടു തെരുതെരെ-
യുണ്ടു, നിതാന്തം ചലിച്ചിടുന്നു:
ഹന്ത, വിശപ്പാം പിശാചിനെയോടിപ്പാൻ
മന്ത്രം ജപിയ്ക്കുകയായിരിയ്ക്കാം!
ആടിന ചെങ്കുരുന്നോരോന്നും ചുംബിച്ചി-
താടിന്റെ പൊങ്ങിയ്ക്കുമാനനത്തെ;
ചൂതത്തിൻ ശാഖയസ്സാധുവിൻ വക്ത്രത്തിൽ
സ്വാദുപ്രവാളത്തെയർപ്പിയ്ക്കയായ്,
ഏതോ തുടുത്തോരു നൽപ്പലഹാരത്തെ-
പ്പൈതലിൻ വായിലൊരമ്മപോലെ.

---

3. ഇരിയ്ക്കട്ടെ. കുയിലിന്നു നിന്റെ ചെന്തളിർ ആസ്വാദ്യമല്ലെന്നു തോന്നിയിട്ടുണ്ടാവാം എന്നാൽ കുയിലിനെപ്പോലെ കറുത്ത ഒരാട് ഇതാ, വിശന്നുതളർന്നു നിന്റെ സമീപത്തെയ്ക്കു വരുന്നു. മണ്ടിവരുമിതിൻ..........ജപിയ്ക്കുകയായിരിയ്ക്കാം—ആടിന്റെ ചുണ്ട് ഇളകുന്നതു കണ്ടാൽ വിശപ്പാകുന്ന പിശാചിനെ ഓടിയ്ക്കാൻ മന്ത്രം ജപിയ്ക്കുകയാണെന്നു തോന്നും; ആടിന്റെചുണ്ട് എല്ലായ്പ്പോഴും ചലിച്ചുകൊണ്ടിരിയ്ക്കുമല്ലോ. ഹന്ത—വിശപ്പു മാററാൻ മററു വഴിയില്ലാതെ പോയല്ലോ എന്നു വിഷാദം. ആടിന—കാററത്തു ചലിച്ചുകൊണ്ടിരുന്ന. ചൂതത്തിൻ..............പോലെ—അനുകമ്പ തോന്നുകയാൽ മാവിന്റെ കൊമ്പ് ആ സാധുജീവിയുടെ വായിൽ സ്വാദു (രുചികരം)വായ പ്രവാളത്തെ (തളിരിനെ) വെച്ചുകൊടു

Digitized By Kerala Sahitya Akademi

4. എന്തൊന്നോ ശ്യാമപത്രാഭ്രച്ഛവട്ടിലൊ-
രന്തിച്ചുകപ്പായ്സ്സമുല്ലസിച്ചു,
അക്കരുന്നൊക്കെ ക്രമേണ വിഴുങ്ങിനാ-
നിക്കറുത്താടായ രാവിൻ മുഖം.

5. പിന്നെയും മേൽവശത്തുള്ള ദളങ്ങളെ-
ത്തിന്നുവാനിച്ഛപൂണ്ടീ നാല്ക്കാലി
മുങ്കാലു രണ്ടുമെടുത്തൊരു ചില്ലമേൽ-
സ്സംഘടിപ്പിച്ചു നിവുന്നുനിന്നാൻ.

---

ത്തു; അമ്മ അകംനിറഞ്ഞ വാത്സല്യത്തോലെ തന്റെ കുട്ടിയുടെ വായിൽ പലഹാരം വെച്ചുകൊടുക്കുന്നതുപോലെ.

4. ശ്യാമപത്രാഭ്രം=പച്ചിലക്കൂട്ടമാകുന്ന ആകാശം. ആകാശച്ഛായയിലെ അന്തിച്ചുകപ്പിനെ രാവിന്റെ മുഖം (നിശാരംഭം) എങ്ങിനെയോ, അങ്ങിനെ ആ തളിരിനെയൊക്കെ ഈ കറുത്ത ആടിന്റെ മുഖം ക്രമേണ വിഴുങ്ങി.

5. പിന്നെയും............നിവുന്നുനിന്നാൻ—ആടിനു് അതുതിന്നിട്ടു് തൃപ്തിവന്നില്ല. ദളങ്ങൾ=ഇലകൾ. ഉപരിസ്ഥം—മുകളിലുള്ളതു്. ഭൂയിഷ്ഠഭക്ഷ്യേകസക്തി—ഭൂയിഷ്ഠമായ (വദ്ധിച്ച) ഭക്തിയൊന്നിലുള്ള സക്തി. തീററക്കൊതിയിൽ തങ്ങളിരുവരും തുല്യരാണെന്നു—താൻ വിശേഷബുദ്ധിയുള്ള മനുഷ്യനാണെന്നഭിമാനിക്കുന്നുണ്ടെങ്കിലും, ബുദ്ധിയില്ലാത്ത ഈ മൃഗത്തേക്കാൾ തനിക്കു യാതൊരു മേന്മയുമില്ലെന്നു്—കവി സ്വയം പഴിക്കുന്നു. തന്റെ പിടിയിൽ കിട്ടാൻ ഞെരുക്കമുള്ള ഈ ഇലകൾ തിന്നാൻ ആടു മേല്പോട്ടു ചാടി പാടുപെടുന്നതുപോലെ തന്നെ, മനുഷ്യൻ തനിക്കു പിടിച്ചാൽക്കിട്ടാത്ത എത്രയെത്ര സുഖോപഭോഗങ്ങളുടെ നേക്കു് ചാടി നോക്കുന്നു! എന്തു..........എന്നിരിക്കിൽ—നീ വിശന്നുവലഞ്ഞിട്ടാണു് ഇങ്ങിനെ പാടുപെടുന്നതെന്നുള്ളതു ശരിതന്നെ. എന്നാൽ

Digitized By Kerala Sahitya Akademi

കണ്ടു,പരിസ്ഥമാം ഭോജ്യം ഭുജിയ്ക്കുവാൻ
രണ്ടു കാലിന്മേൽ നിന്നിട്ടുമാടേ,
ഭൂയിഷ്ഠഭുക്ത്യേകസക്തിയാൽത്തുല്യർതാൻ
നീയു,മിരുകാലിയായ ഞാനും.
എന്നും പശിയെശ്ശമിപ്പിച്ചുപോരുന്ന
ശാന്തമൃഗമേ, നിൻനേക്കു ചാടാൻ
തക്കം പാർത്തുണ്ടൊ,രു ചെന്നായ വന്നിപ്പോൾ
നില്ക്കുന്നു നിൻചാരത്തെന്നിരിയ്ക്കിൽ—
അയ്യോ, വരാതിരിയ്ക്കട്ടെയദ്ദുർദ്ദശ!—
നിയ്യതു കഷ്ടിച്ചറിഞ്ഞുവെന്നാം;
എന്നാൽ, മനീഷിയാം മാനുഷൻ കാണുകി-
ല്ലെ,ന്നും കെടാത്ത ബുഭുക്ഷാമൂലം,
നിർദ്ദയദംഷ്ട്രാഭയാനകവക്ത്രനാം
മൃത്യുവിൻ സന്തതസാന്നിദ്ധ്യത്തെ!

---

ഇങ്ങിനെ സ്വന്തം വിശപ്പിനെ ഒട്ടൊട്ടു ശമിപ്പിച്ചുപോരുന്ന നിന്നെ തിന്നാനായി ഒരു ചെന്നായ തക്കംപാർത്തിരിക്കയാണെങ്കിലോ!—ഏതായാലും ആ ദുർദ്ദശ നിനക്കു വരാതിരിയ്ക്കട്ടെ. കഷ്ടം, ലോകത്തിലുള്ള ഓരോ ജീവിയും മറ്റൊരു ജീവിയെ തിന്നാൻ നോക്കുന്നതായിട്ടാണല്ലോ കാണുന്നത്. എന്നാൽ ആടിനെസ്സംബന്ധിച്ചേടത്തോളം ആ സാധുജീവി ചെന്നായയുടെ സാന്നിധ്യത്തെ അറിഞ്ഞു എന്നു വരാം; നേരേ മറിച്ച്, മനീഷിയായ—വിശേഷബുദ്ധിയുള്ള—എന്തും വകതിരിച്ചറിവാൻ ബുദ്ധിയുണ്ടെന്നഭിമാനിയ്ക്കുന്ന—മനുഷ്യനാകട്ടേ, എക്കാലത്തും ശമിയ്ക്കാത്ത തന്റെ ബുഭുക്ഷ (ഭോഗാസക്തി) മൂലം നിഷ്ഠുരദംഷ്ട്രകൾകൊണ്ടു ഭയങ്കരമുഖത്തോടുകൂടിയ മൃത്യുവിന്റെ സന്തതസാന്നിദ്ധ്യത്തെ—മരണം എല്ലായ്പോഴും നമ്മുടെ പിന്നിൽ പതിയിരിയ്ക്കുന്നുണ്ടെന്നുള്ള വസ്തുതയെ—കണ്ടറിയില്ല. മനീഷി—പരിഹാസസൂചകം.

Digitized By Kerala Sahitya Akademi

# ശാപമോക്ഷം

(കേക)

1. കാലത്തു കുളി കഴി-
ഞ്ഞീറനായ്പ്പിന്നോട്ടിട്ട
നീലവാർകുഴൽകൊണ്ടു
മറഞ്ഞ നിതംബവും,
തൂവെള്ളപ്പുടവയാൽ
മറഞ്ഞ പൂമെയ്യുമായ്-
ക്കോവിലിൽത്തൊഴാൻ പോകും
നായർപ്പെണ്മണിയിതാ,
ചെറുതും മടിയ്ക്കാതെ
പിടിച്ചുകൊണ്ടാളൊരു
ചെറുമിപ്പെൺകുട്ടിതൻ
കരിംകൈ തെളികയാൽ.

2. ഇത്തിരി കൂടിത്തുട-
ത്തിടട്ടേ പുലരിതൻ
പൊൽത്തിരുമുഖമേത-
ദൈക്യദർശനാഹ്ലാദാൽ.

---

1111 മിഥുനത്തിൽ, ആ ആണ്ടിലെ "മാതൃഭൂമി" വിശേഷാൽ പ്രതിയുടെ മുഖചിത്രത്തെപ്പറ്റി എഴുതിയ ഒരു കവിതയാണിതു്.

1. നിതംബം=കടിപ്രദേശം.

2. ഏത............ഹ്ലാദാൽ—ഈ യോജിപ്പു കണ്ടതുകൊണ്ടുണ്ടായ ആനന്ദത്താൽ. പ്രേമനമ്രകരം=സ്നേഹത്താൽ കുനിഞ്ഞവർ.

Digitized By Kerala Sahitya Akademi

പാടട്ടേ, കുറേക്കൂടി
രമ്യമായ്പ്പറവകൾ,
പാൽ ചുരത്തട്ടെ, പേർത്തും
പ്രേമനമ്രകൾ പൈക്കൾ.
തേടട്ടേ നടേത്തേക്കാൾ
സൌഭാഗ്യം വിടപികൾ;
കൂടുതൽ പൊഴിയ്ക്കട്ടേ,
പുഞ്ചിരി വെൺപൊയ്ത്താർകൾ
നീട്ടേണ്ടുമിടത്തേയ്ക്കു
നീട്ടിയതിന്നത്രേ, നീ
വാട്ടത്തെത്തലോടുന്നാ
തങ്കരമനുകമ്പേ!
കമ്പിട്ടിക്കുറുമ്പിയാം
കുഞ്ഞിനെ വാരിയെടു-
ത്തമ്പിനോടണച്ചാലും
നിന്മാതൃവക്ഷസ്സിങ്കൽ:
എങ്കിലതലംകൃത,
മിരിമ്പുകവചത്താൽ-

---

വെൺപൊയ്ത്താർകൾ=വെളുത്ത താമരപ്പൂക്കൾ. പക്ഷികളുടെ പാട്ടും പ്രഭാതത്തിലുണ്ടാകുമല്ലോ. കുറുമ്പിയാം..........ധീരേ— ഹേ ധീരനാരി, ഈ കുഞ്ഞിനെ വാരിയെടുത്തു നിന്റെ വക്ഷസ്സിൽ പുണർന്നാൽ ഇവൾ തീർച്ചയായും നിന്റെ മാറിന്നു് അനാചാരത്തോടു പോരാടാനുള്ള ഒരിരിമ്പുകവചമായിത്തീരും. ഉൾക്കനം=ധൈര്യം. മനസ്വിനി=ദയാശീല. അതിവിക്ലബം—ഏററവും പരവശമായ. തമ്പുരാട്ടിയുടെ വാത്സല്യപ്രഭയാൽ ഏററവും പാര

Digitized By Kerala Sahitya Akademi

ശ്ശങ്കിയാതനാചാര–
　　ത്തോടു പോരാടും ധീരേ!
അമ്മയാം ചെറുമിയ്ക്കി–
　　ല്ലറിക്കണം, നേരേ നോക്കാ–
നിമ്മനസ്സിനി ചെയ്യും
　　സ്വപുത്രീസംലാളനം;
അഥവാ 'തമ്പ്രാട്ടി'തൻ
　　വാത്സല്യപ്രദീപ്തിയെ–
ങ്ങ,തിവിക്ലബമാമീ–
　　യേഴതൻ മിഴിയെങ്ങോ!
ധന്യമാം ക്ഷേത്രദ്വാര–
　　ത്തിസ്സിതാസിതയോഗ–
മന്യമാമൊരു ഗംഗാ–
　　കാളിന്ദീസമാഗമം:
ഇപ്പുതുപ്രയാഗത്തി–
　　ലൊന്നു മുങ്ങിയാൽപ്പോരും,
മൽപ്രിയനാടേ, നിൻെറ
　　തീണ്ടലാം പങ്കംനീങ്ങാൻ.

---

വശ്യമുള്ള ചെറുമിത്തള്ളയുടെ മിഴികൾ മങ്ങിപ്പോയി! ക്ഷേത്രദ്വാരം=ഗോപുരം. സിതാസിതയോഗം=വെളുപ്പിൻെറയും കറുപ്പിൻെറയും ചേർച്ച. ഗംഗാ............സമാഗമം—ഗംഗയുടേയും കാളിന്ദിയുടേയും കൂടിച്ചേരൽ. ഗംഗയിലെ വെള്ളം വെളുത്തതും യമുനയിലെ വെള്ളം കറുത്തതുമാണെന്നു പ്രസിദ്ധം. ഈ രണ്ടു സ്ഥലവും കൂടിച്ചേരുന്ന സ്ഥലം പ്രയാഗം, പ്രയാഗത്തിൽ സ്നാനംചെയ്താൽ പാപ

Digitized By Kerala Sahitya Akademi

കോവിലിൽക്കൂട്ടിക്കൊണ്ടു-
പൊയ്ക്കോൾക കാർമെയ്യാളാ-
മീ വത്സയേയും ഭദ്രേ,
തന്മാതാവിനേയും നീ;
ഈ വകക്കുവലയ-
ച്ചെണ്ടിനെയല്ലോ, പണ്ടേ
ദേവന്ന കാണിക്കയായ്
വെയ്ക്കേണ്ടു ഭവാദൃശർ.
കാത്തുകാത്തിരുന്നോരെ
നാളിനാൽപ്പുണ്യാദ്വൈത-
ക്ഷേത്രത്തിനായിത്തമാം
ശാപമിന്നൊഴിഞ്ഞതിൽ
ആശ്വാസമാർന്നി ക്ഷേത്രം
വിട്ടോരു നിശ്വാസംപോ-
ലാ,കാശത്തതാ പൊങ്ങി
സുഗന്ധാഹുതിധൂമം!

---

മൊക്കെ നശിക്കും എന്നാണ് ഹിന്ദുക്കളുടെ വിശ്വാസം. പങ്കം=പാപം; ചളിയെന്നും. കവലയച്ചെണ്ട്=കരിങ്കുവളപ്പൂച്ചെണ്ട്. അദ്വൈതക്ഷേത്രം=കേരളം. അദ്വൈതാചാര്യനായ ശങ്കരാചാര്യസ്വാമികൾജനിച്ച നാടായതുകൊണ്ട് കേരളത്തിന്നു ഈ പേർ സിദ്ധിച്ചു. സുഗന്ധാഹുതിധൂമം=സുഗന്ധമുള്ള ഹോമത്തിന്റെ പുക. ക്ഷേത്രത്തിൻമുകളിൽ പൊങ്ങിക്കാണാറായ ഹോമത്തിന്റെ പുകയെ ക്ഷേത്രത്തിന്റെ ആശ്വാസനിശ്വാസമായികല്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

# ഏകകുടുംബം ഭുവനം

1. വെട്ടത്തരചന്മാരുടെ
കൊട്ടാരം തെങ്ങിൻപ്പറമ്പായി;
തുണയററു മണ്ണുകപ്പീ
തുഞ്ചത്താചാര്യർതൻ പുരത്തറയും.

2. ചരൽനിലമായ് മാറിപ്പോയ്
'ചങ്ങംപള്ളി'ക്കുരുക്കൾതൻ കളരി;

---

തൃത്താലയിൽ അഗ്നിഹോത്രി എന്ന പേരിൽ ആരംഭിച്ച ഒരു വായനശാലയ്ക്കുവേണ്ടി 1100 മീനത്തിൽ എഴുതിയതാണു് ശ്ലോകങ്ങളം.

മേഴത്തോൾ അഗ്നിഹോത്രി എന്ന വൈദികപ്രമുഖൻ പാണ്ഡിത്യംകൊണ്ടും മററും കേരളത്തിൽ സുപ്രസിദ്ധനാത്രേ.

1. വെട്ടത്തരച..........പുരത്തറയും—വെട്ടത്തരചന്മാരുടെ ഐശ്വര്യസമൃദ്ധമായ കൊട്ടാരം വെറും തെങ്ങിൻപറമ്പായി മാറി; കേരളസാഹിത്യാചാര്യനായ തുഞ്ചത്തുഗുരുപാദരുടെ പുരത്തറയാകട്ടെ, ഒരുന്നുകൊടുക്കാനാളില്ലാതെ നിലംപൊത്തി. മഹാന്മാരുടെ ഗൃഹാവശിഷ്ടാദികളെപ്പോലും കേരളീയർ സംരക്ഷിയ്ക്കുന്നില്ല!

2. ചങ്ങംപള്ളിക്കുരുക്കൾ—സുപ്രസിദ്ധനായ ഒരു കളരിയഭ്യാസി. ബാലിയോതിയ്ക്കൻ—കഥകളിയിൽ ബാലിവേഷത്തിൽ നിസ്തുല്യനായിരുന്നതിനാൽ ഈ പേർ സിദ്ധിച്ച ഇദ്ദേഹത്തെപ്പററി പല കഥകളുമുണ്ടു്. ഇദ്ദേഹം വെട്ടത്തുരാജശിഷ്യപരമ്പരയിൽപ്പെട്ട ആളത്രേ. കിഷ്കിന്ധാഗുഹയിൽത്താൻ—കിഷ്കിന്ധാഗുഹയാ

Digitized By Kerala Sahitya Akademi

കിഷ്കിന്ധാഗുഹയിൽത്താൻ
കിടകൊള്ളുകയായി ബാലിയോതിക്കൻ.

3. ഏതിരുളിലോ, വിബോധ-
ജ്യോതിന്നിധി പാക്കനാരിരുന്നാ കുടിൽ?
കേരളമണ്ഡലമേ, ബഹു-
കേമം നിൻസ്മൎയ്യപൂൎവ്വകസ്മരണം!

4. ഇത്ര പെട്ടം മറവിയിൽനി-
ന്നിയ്യിടെ വെച്ച്'ഗ്നിഹോത്രി'തൻ നാമം
പുസ്തകമാമായ്പ്പൊക്കിന
'തൃത്താല' പുകൾസ്സുധയ്ക്കു പൊൽത്താലം.

---

ണല്ലോ സാക്ഷാൽ ബാലിയുടെ വാസസ്ഥാനം. ബാലീയോതിക്കൻ ഗുഹ (വിസ്മൃതി)യിൽ മറഞ്ഞുപോയി.

3. വിബോധജ്യോതിന്നിധി=വിജ്ഞാനതേജസ്സിന്റെ ഇരിപ്പിടം. കേരളത്തിലെ അജ്ഞാനാന്ധകാരത്തെ അകററാൻ പ്രധാനമായി സഹായിച്ച ഒരാളാണല്ലോ പാക്കനാർ. കേരള......സ്മരണം—ഇത്രയേറെ മഹാന്മാരുടെ മഹനീയപാരമ്പൎയ്യവും പൈതൃകവുമുള്ള കേരളം അവരുടെ സ്മരണയ്ക്കായി യാതൊന്നും പ്രവൎത്തിച്ചില്ലല്ലോ. എന്നു വിഷാദവും പരിഹാസവും. സ്മൎയ്യപൂൎവ്വകസ്മരണം= സ്മരിക്കപ്പെടേണ്ട പൂൎവ്വകന്മാരെ സ്മരിക്കൽ. ബഹുകേമം!—പരിഹാസം ധ്വനിക്കുന്നു.

4. ഇങ്ങിനെ വിസ്മൃതകോടിയിൽപ്പെട്ട മഹാന്മാരിലൊരാളായ 'മേഴത്തോളഗ്നിഹോത്രി'യുടെ നാമധേയത്തെ തൃത്താലപ്രദേശം വായനശാലാരൂപേണ വീണ്ടും കേരളീയൎക്ക് പൊക്കിക്കാണിച്ചുകൊടുത്തു. പൊക്കിന—സ്മൎയ്യപുരുഷന്റെ കീൎത്തിയെ വ്യഞ്ജിപ്പിച്ചിരിക്കുന്നു. തൃത്താല....പൊൽത്താലം— ഈ കൃത്യംകൊണ്ടു പുകൾസ്സുധയ്ക്കു—കീൎത്തിയാകുന്ന അമൃതത്തിനു—പൊൽത്താ



Digitized By Kerala Sahitya Akademi

5. രത്നാകരത്തിൽനിന്നു-
ത്ഥിതയാം ഭൃഗുരാമമേദിനിയ്ക്കു പുരാ
വിജനേ കളഞ്ഞുകിട്ടിയ
വിലയേറും രത്നമീ വിശിഷ്ടപുമാൻ.

6. ആരോമലുണ്ണിയവിട-
ന്നമരകുമാരൻ കണക്കെ കളിയാടീ;
കേരളമന്ദാകിനിയാം
പേരാററിൻ ധവളമാം മണൽത്തിട്ടിൽ.

7. സത്വഗുണാത്മകനാമ-
സ്സദ്വിജനുടെ നിത്യസംഗമത്താലോ

---

ലം (പൊന്നിൻതളിക)ആയിത്തീൻ, തൃത്താലപ്രദേശം. ഈ സൽകൃത്യത്തിന്നു തൃത്താലപ്രദേശത്തെ അഭിനന്ദിയ്ക്കേണ്ടതാണെന്നു താല്പര്യം.

5. രത്നാകരം=രത്നങ്ങളുടെ വിളനിലം; സമുദ്രം. ഉത്ഥിതയാം=പൊന്തിവന്ന. ഭൃഗുരാമമേദിനി=കേരളം. കേരളം സമുദ്രത്തിൽനിന്നുണ്ടായതാണല്ലോ. വിജനേ=ജനമില്ലാത്ത പ്രദേശത്ത്. ജനിച്ചപ്പോഠംത്തന്നെ, അഗ്നിഹോത്രിയേയും അച്ഛനമ്മമാർ മററു സ്വസന്താനങ്ങളെയെന്നപോലെ ഏതോ നിജ്ജനപ്രദേശത്തു കിടത്തി നടകൊണ്ടു എന്നത്രേ ഐതിഹ്യം; അങ്ങിനെ കേരളത്തിന്നു കളഞ്ഞുകിട്ടിയ ഒരനഘരത്നമാണ് അഗ്നിഹോത്രി.

6. അമരകുമാരൻ=ദേവകുമാരൻ. കേരള........പേരാറ്=ഭാരതപ്പുഴ. ഭാരതപ്പുഴയുടെ വക്കത്തുള്ള ഒരു പ്രദേശമത്രേ തൃത്താല. ധവളം=വെളുത്തത്. ദേവകുമാരൻ വിൺഗംഗയുടെ മണൽത്തിട്ടിൽ വിഹരിയ്ക്കുന്നതുപോലെ, ഇദ്ദേഹം പെരിയാററിൻെറ മണൽപ്പുറപ്പിൽ സ്വച്ഛന്ദം കളിയാടി. അമരകുമാരനെപ്പോലെ എന്ന ഉപമകൊണ്ടു സൽപുരുഷൻെറ വൈശിഷ്ട്യം വ്യഞ്ജിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ആനമലതൻെറ മകളാ-
മാററിനിത്രയ്ക്കു വെണ്മ കൈവന്നു!

8. യതഹൃദയനാ ശ്രുതിജ്ഞൻ
യാതൊരു പൂംകൈ പിടിച്ചു പൂകി ഗൃഹം,
താളിയെടുത്തിട്ടാക്കെ
താലത്തിൽ നിറച്ചുവെച്ച പുഴമണൽപോൽ

9. തൃത്താലയപ്പനായ്ത്തീ-
ന്നിട്ട്യാപി ശിലാരൂഢാംഗനായ് വാഴ്വൂ:
ഓമലുടെയോട്ടുകൈവള-
യൊലിതാനായ് തൽപ്രതിഷ്ഠതൻ മന്ത്രം!

---

7. സത്ത്വഗുണാത്മകൻ=സത്ത്വഗുണസ്വരൂപൻ. സദ്വിജൻ=ശ്രേഷ്ഠബ്രാഹ്മണൻ. നിത്യസംഗമം=നാംതോറുമുള്ള കൂടിച്ചേച്ച്. ആനമലതൻെറ മകളാം—ഭാരതപ്പുഴ ആനമലയിൽനിന്നാണല്ലോ പുറപ്പെടുന്നത്. അദ്ദേഹത്തിൻെറ സത്ത്വഗുണാധിക്യത്താലാണ്, ആനമലയുടെ മകൾക്ക് (പേരാററിന്ന്) ഇത്ര വെണ്മ കൈവന്നതെന്നുൽപ്രേക്ഷ.

8. യതഹൃദയൻ=മനസ്സംയമമുള്ളവൻ. ശ്രുതിജ്ഞൻ=വേദാഭിജ്ഞൻ. അഗ്നിഹോത്രിയുടെ ഭാര്യ തൻെറ താളിക്കിണ്ണത്തിൽ മണൽ നിറച്ചുവെച്ചു എന്നും, ആ മണ്ണാണ് തൃത്താലയപ്പനായി ഇന്നും പൂജിക്കപ്പെടുന്നതെന്നും, ഈ സംഭവത്താലാണ് ആ പ്രദേശത്തിന്നു തൃത്താലം (തൃത്താല) എന്ന പേർ വന്നതെന്നും മററും ഇതിഹാസമുണ്ട്.

9. ഓമലുടെ.......മന്ത്രം—ആ പ്രതിഷ്ഠയ്ക്കുള്ള മന്ത്രം, അഗ്നിഹോത്രിപ്രിയതമയുടെ ഓട്ടുകൈവളകളുടെ (മണൽ വാരിയിട്ടപ്പോൾ പുറപ്പെട്ട)കിലുക്കംതന്നെയായിരുന്നു; മന്ത്രംകൊണ്ടേപ്രകാ

Digitized By Kerala Sahitya Akademi

10. വരരുചിസുതനൗ,ധന്യൻ
വാസവനെപ്പോലനേകയജ്ഞകരൻ,
വാസ്തവികബ്രാഹ്മണ്യൻ,
വൈദേഹനൊത്ത കർമ്മയോഗപരൻ.

11. ആ യജ്വാവിൻ പലപല
യാഗങ്ങളിലനഘസാമഗീതികളിൽ
താളം പിടിച്ചു പോന്നൂ
തരളതരംഗങ്ങളാൽ നിളാതടിനി!

12. മറയവർമണിയവിടെയ്ക്കിഹ
പറയൻ മുതൽപേരുമററ സോദരർതാൻ;

---

രമോ, അപ്രകാരംതന്നെ വളക്കിലുക്കംകൊണ്ടു പ്രതിഷ്ഠയും തികച്ചും ഉറപ്പുവന്നു!

10. വരരുചിസുതൻ—വരരുചിയത്രേ അഗ്നിഹോത്രിയുടെ അച്ഛൻ. വാസവൻ=ഇന്ദ്രൻ. അനേകയജ്ഞകരൻ=വളരെ യാഗങ്ങാം ചെയ്യവൻ; 99 യാഗം കഴിച്ചു എന്നാണൈതിഹ്യം. വാസ്തവികബ്രാഹ്മണ്യൻ=യഥാത്ഥമായ ബ്രാഹ്മണ്യത്തോടുകൂടിയവൻ. വൈദേഹൻ=ജനകമഹാരാജാവ്. ജനകമഹാരാജാവ് വീരക്ഷത്രനെങ്കിലും കമ്മശീലനായിരുന്നുവല്ലോ.

11. യജ്വാവ്=യാഗം കഴിച്ചവൻ അനഘസാമഗീതികാം=വിശുദ്ധസാമവേദഗാനങ്ങാം. തരളതരംഗങ്ങാം=ഇളകിയ തിരമാലകാം. നിളാതടിനി=ഭാരതപ്പുഴ. അദ്ദേഹത്തിൻെറ യാഗാവസരങ്ങളിലെ സാമഗാനങ്ങാംക്ക നിളാനദി തിരകളാൽ താളം പിടിച്ചുപോന്നു! പേരാററിൻ വക്കത്തുതന്നെയായിരുന്നു, അദ്ദേഹത്തിൻെറ യാഗശാല.

12. മറയവർമണി=ബ്രാഹ്മണശ്രേഷ്ഠൻ. വരരുചിയുടെ പുത്രന്മാർതന്നെയത്രേ പറയൻ(പാക്കനാർ)മുതലായവരും. ഇവരെല്ലാ

Digitized By Kerala Sahitya Akademi

അവരൊത്തൊരു പുല്ലിന്മേ-
ലവിടുന്നർപ്പിച്ചുപോന്നു പിതൃപിണ്ഡം.
13. അതു പില്ലാട്ടു പഴംകഥ-
യായ്പ്പോംവിധമേതു കർമ്മിതൻ കരമോ,
അദ്വൈതജന്മഭൂവിലെ-
യപ്പരമൈക്യത്തിനെള്ളുനീരേകി!
14. ഏവർക്കുമമ്മയൊന്നെ-
ന്നോവർ ഗണിപ്പീല ഭേദകല്പനയാൽ,
അവിശുദ്ധമതികളാമവ-
രപരനിൽനിന്നിങ്ങശുദ്ധി ശങ്കിപ്പൂ!

---

വരോടുംകൂടി ഒരു ദർപ്പപ്പുല്ലിന്മേലാണ്, അദ്ദേഹം അച്ഛനു ശ്രാദ്ധമൂട്ടിയിരുന്നത് എന്നും ഐതിഹ്യം പറയുന്നു. അദ്ദേഹം ജാതിഭേദത്തെ ഗണിച്ചിരുന്നില്ല.

13. അതു..........എള്ളുനീരേകി--പില്ക്കാലത്ത് അതൊരു പഴംകഥയായിപ്പോകുമാറ് ഏതോ ഒരു കർമ്മിയുടെ കൈ അദ്വൈതജന്മഭൂവിലെ—അദ്വൈതജ്ഞാനത്തിന്റെ ജന്മഭൂവിലെ —ശങ്കരാചാര്യർ അവതരിച്ച കേരളത്തിലെ—ആ പരമമായ ഐക്യത്തിന് എള്ളുനീരേകിക്കളഞ്ഞു; ആ ഐക്യം മണ്ണടിഞ്ഞുപോയി. നമ്മുടെ ഇടയിൽ ഭേദബുദ്ധി വളരാൻ തുടങ്ങി എന്നു സാരം. അയിത്തത്തെ സൂചിപ്പിക്കുന്നു.

14. ഭേദബുദ്ധിമൂലം, എല്ലാവരുടേയും അമ്മ ഒന്നാണെന്നു ഗണിക്കുവാൻ കൂട്ടാക്കാത്ത അവിശുദ്ധമതികൾ (മനശ്ശുദ്ധിയില്ലാത്തവർ) അന്യനെ തീണ്ടുകയോ തൊടുകയോ ചെയ്താൽ അശുദ്ധി പററുമെന്നു ശങ്കിക്കുന്നു. ഈ അശുദ്ധിശങ്കയുടെ ഉത്ഭവം അവരുടെ മനഃശുദ്ധിരാഹിത്യത്തിൽനിന്നാണെന്നു താൽപര്യം.

Digitized By Kerala Sahitya Akademi

15. എളിയവരെ മാററിനിത്താൻ
വലിയവരേ, നിങ്ങളൊച്ചയാട്ടുമ്പോഠം,
അറുശ്ശൂന്യമാം നഭസ്സും
'ഹാഹാ,' എന്നാത്തുകേഴ്വു മാറൊലിയാൽ.

16. എത്രയസഹ്യ,മധാമ്മിക-
മെന്തു മഹാപാപമീയയിത്തമഹോ!
ഇതു നിത്യശുദ്ധനാം ജഗ-
ദീശനിലുമശുദ്ധി കേററിവെച്ചല്ലോ!

17. കാതരരെക്കൊണ്ടു വൃഥാ
കലഹംകൂട്ടിച്ചിടുന്നു തങ്ങളിൽ നീ;
നേരിനെ നുണയാക്കുന്നു;
നെറികേടിതയിത്തമേ, വിചിത്രം തേ!

---

15. എളിയവരെ........... യാട്ടുമ്പോഠം—അയിത്തക്കാരെ മാററിനിർത്താൻ ആഭിജാത്യക്കാർ "ഹാ, ഹാ" എന്നു ശബ്ദം കൂട്ടാറുണ്ടല്ലോ. അറുശ്ശൂന്യമാം...........മാറൊലിയാൽ—ഹാ ഹാ, എന്നുച്ചത്തിൽപ്പറയുമ്പോഠം പ്രതിധ്വനിയുണ്ടാവുമല്ലോ; ഈ അത്ഥമില്ലാത്ത ആചാരത്തെക്കുറിച്ചു വെറും ശൂന്യമായ ആകാശത്തിനുകൂടിയുണ്ട് മനോവേദന.

16. ജഗദീശനിലു...........വെച്ചല്ലോ—അയിത്തജാതിക്കാക്ക് അമ്പലങ്ങളിൽ പോകാൻ പാടില്ലെന്നതിനാൽ, അത് ഈശ്വരനിലുംകൂടി അശുദ്ധി ആരോപിക്കുകയാണെന്നു താൽപര്യം.

17. കാതരർ=ഭീരുക്കഠം; അനാചാരത്തെ വൃഥാ പേടിക്കുന്നവർ. കാതരരെ........നീ—സമുദായസ്പദ്ധയെ സൂചിപ്പിക്കുന്നു. നേരിനെ........വിചിത്രം തേ—ഈ ലോകത്തിലുള്ള എല്ലാവരും ഒരേ ഒരമ്മയുടെ മക്കളാണെന്ന വാസ്തവത്തെ നുണയാക്കിത്തീക്ക

Digitized By Kerala Sahitya Akademi

18. പരപീഡനം സുകൃതമായ്;
പാരിതിലാചാരമായനാചാരം;
പൊതുമുതൽ ചിലരുടെയായി;
സ്മൃതിവാക്യമയിത്തമേ, വിചിത്രം തേ!

19. മേദുരമഹിമാവാകിയ
മേഴത്തോളഗ്നിഹോത്രിവിപ്രൻെറ
തിരുനാമത്തെ വഹിച്ചു-
ത്തീൎത്ഥപദൻ വാണ പുണ്യഭൂവിങ്കൽ—

20. സൌഭ്രാത്രസുഭഗതന്മഖ-
സാക്ഷിണിയാം സഹ്യതനയതൻ കരയിൽ—

---

ന്നു; ഇല്ലെങ്കിൽ അവർ തമ്മിൽ കലഹത്തിന്നിടയുണ്ടാവില്ലല്ലോ. അഹോ, അയിത്തത്തിൻെറ നെറികേട് അത്ഭുതകരംതന്നെ!

18. പരപീഡനം സുകൃതമായ്—മററുള്ളവരെ ഉപദ്രവിക്കുക എന്നുള്ളതായിത്തീൎന്നു പുണ്യകൃത്യം. അനാചാരം ആചാരവുമായി. പൊതുമുതൽ ചിലരുടെയായി—അമ്പലങ്ങളും മററും ചുരുക്കം ചിലരുടെ സ്വകാൎയ്യസ്വത്തായിത്തീൎന്നു. പൊതുമുതലാണെങ്കിൽ എല്ലാവൎക്കും ഒരുപോലെ ഉപയോഗിക്കാനുള്ളതാവണമല്ലോ. അയിത്തത്തിൻെറ സ്മൃതിവാക്യം (ധൎമ്മശാസ്ത്രം)സാധാരണ ധൎമ്മശാസ്ത്രംപോലെയൊന്നുമല്ല!

19. മേദുരമഹിമാവ്=വലിയ മാഹാത്മ്യത്തോടുകൂടിയവൻ. സൌഭ്രാത്ര..........സാക്ഷിണി=സൌഭ്രാത്രസുഭഗമായ അദ്ദേഹത്തിൻെറ മഖങ്ങ (പിതൃശ്രാദ്ധാദിക)ളുടെ സാക്ഷിണി (സാക്ഷിയായിട്ടുള്ളത്.) സഹ്യതനയ=പേരാർ. വിവിധ........ശീലേ—പലതരം മഹാഗ്രന്ഥങ്ങളെ ശേഖരിക്കുന്ന ശീലത്തോടുകൂടിയത്. ഈ വായനശാല ആരുടെ നാമധേയത്തെ വഹിക്കുന്നുവോ, ആ

Digitized By Kerala Sahitya Akademi

വിലസും വായനശാലേ,
വിവിധമഹാഗ്രന്ഥസംഗ്രഹണശീലേ,

21. തന്തിരുവടിയുടെ താദൃശ-
തത്ത്വവിചാരം പരത്തി നാട്ടാരിൽ
ഏകകുടുംബം ഭുവനമി-
തെന്നാബ്ബോധം പുലർത്തുക നീ.

---

തീർത്ഥപദ (പൂജ്യപാദ)നായ അഗ്നിഹോത്രിയുടെ സൌഭ്രാത്രാതിശയത്തെ നാട്ടാരിലെമ്പാടും പരത്തി, ഈ ലോകമെല്ലാം ഒരേ ഒരു തറവാടാണെന്ന ബോധം പുലർത്തിയാലും!

ജി. കെ. സി.

Digitized By Kerala Sahitya Akademi

# ഋഗ്വേദപരിഭാഷ

## ഒന്നും രണ്ടും വാല്യം തയ്യാറായി

മഹാകവി വള്ളത്തോൾ മലയാണ്മയിലെയ്ക്കു വിവർത്തനം ചെയ്തു, ഇന്ത്യയുടെ ആർഷസംസ്കാരത്തിന്റെ ഭണ്ഡാഗാരമായ ഋഗ്വേദസംഹിത നാലു വാല്യങ്ങളായിട്ടു അച്ചടിച്ചിറക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന്റെ രണ്ടാംവാല്യവും ഇതാ തയ്യാറായിരിക്കുന്നു.

ഭാരതത്തിന്റെ അത്യപ്രാചീനസംസ്കാരകലവറയുടെ താക്കോൽ, ഇന്ത്യൻ പ്രാദേശികഭാഷകളിൽ ഒന്നാമയി കൈവന്നത് മലയാളത്തിനാണെന്നുള്ളതിൽ ഏതൊരു മലയാളിയാണ് അഭിമാനപുളകിതനാകാതിരിക്കുക? ഇന്ത്യയിലെ മറ്റൊരു ഭാഷയ്ക്കും കൈവന്നിട്ടില്ലാത്ത ഈ ഭാഗധേയത്തെ മലയാളികളേവരും മനംനിറഞ്ഞ ആഹ്ലാദാഭിമാനങ്ങളോടെ ആസ്വദിക്കട്ടെ!

നല്ല വെള്ളക്കടലാസ്സിൽ കമനീയമായ അച്ചടി— കെട്ടുറപ്പുള്ള കാലിക്കോ ബയിണ്ട്—മഹാകവിയുടെ കയ്യടയോടും ഛായയോടും കൂടിയ ഒന്നാംവാല്യത്തിന്ന്

**വില 14ക. രണ്ടാംവാല്യത്തിന്ന് 12ക.**

ഒററക്കോപ്പിയ്ക്കാവശ്യപ്പെടുന്നവർ പുസ്തകവിലയ്ക്കു പുറമെ പോസ്റ്റേജ് 1ക. 8ണ. കൂടി മുൻകൂർ അയയ്ക്കേണ്ടതാണ്

മാനേജർ,

**വള്ളത്തോൾ ഗ്രന്ഥാലയം,**

ചെറുതുരുത്തി OR തൃശ്ശൂർ,

ടി. സി. സ്റ്റേറ്റ്

Digitized By Kerala Sahitya Akademi